# *യാക്കോബായ സുറിയാനി സഭ*

# ക്യംതാ നമസ്കാര ക്രമം

*(പരിശുദ്ധ സഭയുടെ ക്യംതാ നമസ്കാരത്തിൽ നിന്നും പകർത്തിയത്)*

*ആരാധാനക്രമങ്ങൾ സുലഭമല്ലാത്ത മിദ്യാൻ ദേശത്ത് താമസിക്കുന്നവർക്കായി തയ്യാറാക്കിയത്. ഇത് പൂർണ്ണമായും ടൈപ്പ്ചെയ്ത് ക്രമീകരിച്ചതാകയാലും മറ്റൊരാൾ പകർപ്പ് പരിശോധന നിർവ്വഹി ച്ചിട്ടില്ലാത്തതിനാലും തെറ്റുകൾക്ക് ഉത്തരവാദി ഞാൻ മാത്രമായിരിക്കും.*

*പരിശുദ്ധ സഭയുടെ അടിസ്ഥാന സുറിയാനി നമസ്കാരഘടനകളുമായി പരിചയമുള്ളവരും, ഭാഷാ പ്രാവീണ്യമുള്ളവരുമായുള്ളവരുടെ സഹായം ഇതിലെ തെറ്റുകൾ തിരുത്തുന്നതിലേക്ക് വിനീതമായി അഭ്യർത്ഥിക്കുന്നു. വിവിധ പ്രസിദ്ധീകരണങ്ങളിൽ കാണുന്ന ചില വ്യത്യാസങ്ങളെ ആധികാരിക മായി മനസ്സിലാക്കുക എന്നതാണ് ലക്ഷ്യം.*

SAMAJAM
Land of Midian, Since 2002 June 29th
PIECE OF WOOD IN MARAH
SAINT MARY'S JACOBITE MOVEMENT

*Type set by: Daniel B Daniel (Chev),*
*Initiator of SAMAJAM,*
*Kadeesa Church, Paitel, Kayamkulam*
*appa_3d@yahoo.co.uk, whatsapp-966 532190078*

*Prepared and Published 2017 April*

ഞങ്ങൾക്കല്ല കർത്താവെ,

ഞങ്ങൾക്കല്ല,

എന്നാലോ നിന്റെ കൃപ നിമിത്തവും

നിന്റെ സത്യം നിമിത്തവും

തിരുനാമത്തിന്നു തന്നെ ബഹുമാനമുണ്ടായിരിക്കട്ടെ !!

(സങ്കീർത്തനങ്ങൾ 114 : 9 – വിശുദ്ധ ഗ്രന്ഥം)

# ഉള്ളടക്കം

**സൂചകം** .......... **3**
**പ്രാരംഭ സ്തുതി** .......... **4**
**ശനിയാഴ്ച ഒമ്പതാം മണി നമസ്കാരം** .......... **5**
**കൃംത്യാ സന്ധ്യ** .......... **6**
**കൃംതാ സുത്താറ** .......... **13**
**വിശ്വാസ പ്രാമാണം** .......... **19**
**കൃംതാ രാത്രി പ്രാർത്ഥന** .......... **25**
**മാലാഖമാരുടെ സ്തുതി** .......... **35**
**കൃംതാ പ്രഭാത നമസ്കാരം** .......... **37**
**കൃംതാ മൂന്നാംമണി നമസ്കാരം** .......... **50**
**ആറാംമണി നമസ്കാരം** .......... **51**

## സൂചകം
## (പരിശുദ്ധ സഭയുടെ നിത്യ നമസ്കാര പുസ്തകത്തിൽ നിന്നും)

സുറയാനി സഭയുടെ ക്രമമനുസരിച്ച് (അന്തോഖ്യൻ ക്രമം) ഒരു ദിവസം ഏഴു യാമ പ്രാർത്ഥനകളാണുള്ളത്. അവ സന്ധ്യ, സുത്താറ, രാത്രി, പ്രഭാതം, മൂന്നാം മണി, ആറാം മണി, ഒമ്പതാം മണി എന്നിവയാണ്. ഏഴുനേരമായിട്ടു നടത്തുന്ന ഈ പ്രാർത്ഥനകൾ ദശേന്ദ്രിയങ്ങളെ ഉദ്ദേശിച്ച് പത്താകുന്നു. ഈ പത്തിൽ ഒരെണ്ണം കുറച്ചാൽ അതു കുറ്റവും ദശേന്ദ്രിയങ്ങളിൽ ഒന്നിന്റെ വിശുദ്ധിക്ക് കുറവുമായിരിക്കും. ഓരോ യാമ പ്രാർത്ഥനകളെക്കുറിച്ച് പരിശുദ്ധ സഭയിലെ മല്പന്മാർ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

| | | |
|---|---|---|
| സന്ധ്യാ പ്രാർത്ഥന | - | ഭൂമിയിലെ അദ്ധ്വാനത്തിന്റേത് |
| സുത്താറ | - | വിത്തിന്റേത് |
| രാത്രിയിലെ നാലു സമയങ്ങൾ (കൗമാകൾ) | - | വിത്തു വെടിപ്പാക്കുന്നതു സംബന്ധിച്ച്<br>1. കളകളിൽ നിന്ന്<br>2. മുൾ(കുറ്റി)ച്ചെടികളിൽ നിന്ന്<br>3. മുള്ളുകളിൽ നിന്ന്<br>4.മുൾപ്പടർപ്പുകളിൽ നിന്ന്(കൂർമുള്ള്) |
| പ്രഭാതം | - | കൊയ്ത്തിന്റേത് |
| മൂന്നാം മണി | - | കറ്റ(കതിര്)യുടേത് |
| ആറാം മണി | - | കളപ്പുരയിലേയ്ക്ക് ശേഖരിക്കപ്പെടുന്ന വിളവു സംബന്ധിച്ച് |
| ഒമ്പതാം മണി | - | വിളവിന്റെ ആദ്യഫലത്തിൽ നിന്നുള്ള ദാനം സംബന്ധിച്ച് |

ഇതിൽ നിന്ന് പ്രാർത്ഥനയെ വയലിലെ ജാഗ്രതയോടു കൂടിയ ജോലിയോട് ഉപമിച്ചിരിക്കുന്നു. അതിനാൽ ഉണർവ്വ്, ജാഗ്രത, ഏകാഗ്രത മുതതലായവ പ്രാർത്ഥനയ്ക്കുണ്ടായിരിക്കണം. ഏഴു നേരവും വെവ്വേറെ പ്രാർത്ഥിപ്പാൻ സൗകര്യമുള്ളവർ അപ്രകാരം ചെയ്യണം. അല്ലാത്തപക്ഷം രണ്ടുനേരമായി പ്രാർത്ഥിക്കുവാൻ തക്കവണ്ണം പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നു. ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ ഒമ്പതാം മണി, സന്ധ്യ, സുത്താറ എന്നീ യാമ പ്രാർത്ഥനകൾ സന്ധ്യയ്ക്കും, രാത്രി, പ്രഭാതം, മൂന്നാം മണി, ആറാംമണി എന്നീ യാമ പ്രാർത്ഥനകൾ പ്രഭാതത്തിലും നടത്തേണ്ടതാണ്. സഭയുടെ ക്രമീകരണമനുസരിച്ച് ദിവസം സന്ധ്യാപ്രാർത്ഥനയോടുകൂടിയാണ് ആരംഭിക്കുന്നത്. സന്ധ്യാ പ്രാർത്ഥന സൂര്യാസ്തമനത്തിനു മുമ്പും, പ്രഭാത പ്രാർത്ഥന സൂര്യോദയത്തിനു മുമ്പും നടത്തിയിരിക്കണമെന്നുമുള്ളതാണ് നിയമം.

ഓരോ യാമപ്രാർത്ഥനയും കൗമായോടുകൂടി (ദൈവമേ! നീ പരിശുദ്ധനാകുന്നു.......ഇത്യാദി) ആരംഭിച്ച് കൗമായോടുകൂടി അവസാനിപ്പിക്കണം. തുടർന്ന് വിശ്വാസപ്രമാണം ചൊല്ലണം. രണ്ടു നേരമായി പ്രാർത്ഥിക്കുമ്പോൾ സന്ധ്യക്ക് സൂത്താറ പ്രാർത്ഥനയുടെ അവസാനത്തിലും പ്രഭാതത്തിൽ ആറാംമണി പ്രാർത്ഥനയുടെ അവസാനത്തിലും വിശ്വാസപ്രമാണം ചൊല്ലിയാൽ മതി. വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്ന ദിവസം രാവിലെ ആറാംമണി പ്രാർത്ഥനയിലെ മോർ ബാലായിയുടെ ബോവൂസൊവരെ ചൊല്ലിയാൽ മതി. അല്ലാത്തപക്ഷം ആറാംമണി പ്രാർത്ഥനയുടെ മേല്പറഞ്ഞ ബോവൂസൊയ്ക്കുശേഷം ‘‘നിന്നെ പ്രസവിച്ച മാതാവിന്റേയും നിന്റെ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ.......’’എന്ന മോർ സേവേറിയോസ് പാത്രിയർക്കീസു ബാവായുടെ മാനിസൊയും, തുടർന്ന് കൗമായും അനന്തരും വിശ്വാസപ്രമാണവും ചൊല്ലി പ്രാർത്ഥന അവസാനിപ്പിക്കണം.

# *യാക്കോബായ സുറിയാനി സഭ*

## പ്രാരംഭ സ്തുതി

*പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ,*
തനിക്കു സ്തുതി. നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.
ആമ്മീൻ.

*ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട് നിറഞ്ഞിരിക്കുന്ന* ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

*ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ* വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു; ഉയരങ്ങളിൽ സ്തുതി.

## കൗമാ - ത്രൈശുദ്ധ കീർത്തനം

*ദൈവമേ! നീ പരിശുദ്ധനാകുന്നു.*
ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ! ഞ
ഞങ്ങളുടെ മേൽ കരുണയുണ്ടാവണമേ
*ദൈവമേ! നീ പരിശുദ്ധനാകുന്നു ...........*
*ദൈവമേ! നീ പരിശുദ്ധനാകുന്നു .............*

*ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ.* ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

*ദൈവമേ! നിനക്കു സ്തുതി.* സ്രഷ്ടാവേ! നിനക്കു സ്തുതി. നിന്റെ ദാസരായ പാപികളോട് കരുണ ചെയ്യുന്ന മിശിഹാരാജാവേ! നിനക്കു സ്തുതി. ബാറെക്മോർ

**മോറാനായ പ്രാർത്ഥന = കർത്തൃപ്രാർത്ഥന**

(വി. മത്തായി 6 : 9 14)

*സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ!* നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്ക് ആവശ്യമായിരിക്കുന്ന ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്ത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

ദൈവമാതാവിനോടുള്ള അപേക്ഷ (എല്ലാ കൗമകളിലും നിർബന്ധമല്ല)
(വി.ലൂക്കോസ് 1:28,42,48)

*കൃപനിറഞ്ഞ മറിയമേ! നിനക്കു സമാധാനം.* ഞങ്ങളുടെ കർത്താവു നിന്നോടുകൂടെ. സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ വിശുദ്ധ കന്യക [3]മൊർത്ത്മറിയമേ! ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചുകൊള്ളണമേ. ആമ്മീൻ.

# *യാക്കോബായ സുറിയാനി സഭ*

## ക്യംതാ നമസ്കാരക്രമം

### ശനിയാഴ്ച ഒമ്പതാം മണി നമസ്കാരം

പ്രാരംഭ സ്തുതി

**ഒരു കൗമാ**

(ഏനോനൊ...........എന്ന രീതി)

ഉഗ്രമതാം-മേഘധ്വനി തുല്യം
കാഹള ശബ്ദമിരമ്പുന്നു
ആദാമിൻ-പൊടി ഗന്ധംപോലും
പാതാളേ ശേഷിക്കില്ല.
ഉയിരേകുന്നീ ശബ്ദത്താൽ
ആദാം വർഗത്തിനു മുഴുവൻ
നശ്വരമായൊരു ഗാത്രത്തെ
നാശംകൂടാതെന്നേയ്ക്കും
അനശ്വര നവജീവൻ ചാർത്തും. ബാറെക്മോർ
ശുബ്ഹോ...............മെൻഓലം.......

വാനവനാം-രാജാ തേ സ്തോത്രം
വാങ്ങിപ്പോയവർ പ്രത്യാശേ!
സകലർക്കും-പ്രതിഫലമേകാൻ നീ
കാലാന്ത്യേ വന്നീടുമ്പോൾ
ദുഷ്ടർ തീയിൽ ഞെരുങ്ങീടും
സത്തമരർഹിക്കും രാജ്യം
തൽസമയേ ദയ ചെയ്നാഥാ!
നി-ന്നുടെ മഹിമോദയനാളിൽ
നിർത്തണമെങ്ങളെ വലഭാഗേ.
മൊറിയോ....

**മോർ ബാലായിയുടെ ബോവൂസൊ**

കരുണ നിറഞ്ഞവനേ- പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ-പുതുതാക്കീടണമെ
നിന്നിൽ ശരണത്താൽ-നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും-മൃതരിൽ കനിയണമേ
അവരബറഹാത്തിന്റെയുമിസ്സഹാക്കുടെയും
യാക്കോബിന്നുടെയും-മടിയിൽ പാർക്കണമേ
വന്നവനും വരുവോ-നും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാ-ത്മാക്കൾ പാടണമേ.

(ഒരു കൗമാ)

## ക്യംത്യാ സന്ധ്യ
## (ഉയിർപ്പു പെരുന്നാൾ മുതൽ സ്ലീബാ പെരുന്നാൾ ദിനമായ സെപ്തംബർ 14 വരെ യാണ് ക്യംതാ നമസ്കാരം ഉപയോഗിക്കുന്നത്)

### ഒരു കൗമാ

പട്ടക്കാരൻ: ശുബ്ഹോ........

ജനം: ബലഹീനരും പാപികളുമായ നമ്മുടെ മേൽ തന്റെ കരുണയും മനോഗുണവും രണ്ടുലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ

പ്രാരംഭ പ്രാർത്ഥന

പട്ടക്കാരൻ: ദൈവമായ കർത്താവേ! പരിപാകതയുള്ള നടപടികളാൽ ഞങ്ങൾ തിരുമുമ്പാകെ പ്രശോഭിച്ചുകൊണ്ട് നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും, ഇടവിടാതെ സ്തുതിപ്പാൻതക്കവണ്ണം, ഈ നിന്റെ മൂന്നാം ദിവസത്തെ ഉയിർത്തെഴുന്നേൽപിൻ നാളിനെ, സ്വർഗസേനകളോടുകൂടെ വെടിപ്പിലും വിശുദ്ധിയിലും പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഹോശോ....ആമ്മീൻ.

### 51-ാം മസ്മൂർ (വിശുദ്ധ ഗ്രന്ഥം)

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട് കരുണചെയ്യണമെ...മൊറിയോ..

എന്യോനൊ

**(ഹ്ത്തീസ്ലോക്)**

ഈ-നിന്നുത്ഥാനത്തിൻ നാൾ വംശത്തലയാം
ആദം മോദിക്കും നാഥാ!
സർവേശാ!കൃപചെയ്കെന്നിൽ.
നി-ന്നെ മൃതനായവർ കബറിൽ മുദ്രക്കല്ലും
കാവലുമായ് വച്ചാർ നാഥാ!
മ്-ശീഹാ! വിൺമൺവാസികളെയുത്ഥാനത്താൽ
മോദിപ്പിച്ചവനേ! നാഥാ!
സൗ-രഭ്യകൂട്ടുമെടുത്താ-ശിഷ്യ സ്ത്രീകൾ
ചെന്നാർനിൻ കബറിൽ നാഥാ!
കീ-പ്പായും യോഹന്നാനും സന്തോഷത്താൽ
ഓടി കബറെത്തി നാഥാ!
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
ദേവാ! സ്തുതി നിൻ കരുണയ്ക്കും രക്ഷകനേ! നിൻ
കൃപയതിനും നിത്യം നാഥാ.....

**140, 141, 118:105-112, 116 മസ്മൂർകൾ (വിശുദ്ധ ഗ്രന്ഥം)**

(140) കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ, എന്നോടു നീ ഉത്തരമരുളണമേ. എന്റെ വചനങ്ങൾ സൂക്ഷിച്ചു കേട്ട് കൈക്കൊള്ളണമെ.

എന്റെ പ്രാർത്ഥന തിരുമുമ്പാകെ ധൂപം പോലെയും, എന്റെ കൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയിലെ വഴിപാടുപോലെയും ഇരിക്കുമാറാകണമേ. എന്റെ ഹൃദയം ദുഷ്കാര്യത്തിനു ചായാതെയും ഞാൻ അന്യായക്രിയകളെ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കു കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് കാവൽക്കാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്കു കൊഴുപ്പാകാതെയിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ വിധികർത്താക്കൾ പാറയിൻ മുനയാൽ നിരോധിക്കപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവു ഭൂമിയെ പിളർക്കുന്നതുപോലെ ശവക്കുഴിയുടെ വായ്ക്കരികിൽ അവരുടെ അസ്ഥികൾ ചിതറിപ്പോയി. കർത്താവേ! ഞാൻ എന്റെ കണ്ണുകൾ നിന്റെ അടുക്കലേക്കുയർത്തി നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികൾ മറച്ചുവച്ച പ്രശംസക്കാരുടെ കയ്യിൽ നിന്ന് എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നുപോകുന്നതുവരെയും അധർമ്മികൾ സ്വന്തവലകളിൽ ഒരുമിച്ചു വീഴട്ടെ.

(141) ഞാൻ എന്റെ ശബ്ദത്തോടെ കർത്താവിനെ വിളിച്ചു. ഞാൻ എന്റെ ശബ്ദത്തോടെ കർത്താവി നോടു പ്രാർത്ഥിച്ചു. ഞാൻ തിരുമുമ്പാകെ സങ്കടം ബോധിപ്പിച്ചു. എന്റെ ഞെരുക്കം തിരുസന്നിധിയിൽ അറിയിച്ചു.

എന്റെ ആത്മാവ് വിഷാദിച്ചപ്പോൾ നീ എന്റെ ഊടുവഴികളെ അറിയുന്നുവല്ലൊ. എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്ക് കെണികളെ മറച്ചുവച്ചു.

ഞാൻ വലത്തുഭാഗത്തു സുക്ഷിച്ചു നോക്കി; എന്നെ അറിയുന്നവൻ ഇല്ല. ഓടി ഒളിക്കേണ്ടതിനു എനിക്കു സ്ഥലമില്ലാതെ പോയി. എന്റെ ആത്മാവിനു പകരം ചോദിക്കുന്നവനും ഇല്ല.

കർത്താവേ! ഞാൻ നിങ്കലേക്കു നിലവിളിച്ചു. നീ എന്റെ ശരണവും ജീവനുള്ളവരുടെ ദേശത്തു എന്റെ ഓഹരിയും ആകുന്നു എന്നു ഞാൻ പറഞ്ഞു.

ഞാൻ ഏറ്റം താഴ്ത്തപ്പെട്ടിരിക്കകൊണ്ടു എന്റെ അപേക്ഷ സൂക്ഷിച്ചു കേൾക്കണമേ; എന്നെ പീഡിപ്പിക്കുന്നവർ എന്നേക്കാൾ ബലവാന്മാരായതുകൊണ്ട്; അവരിൽ നിന്ന് എന്നെ വിടുവിക്കണമെ.

ഞാൻ തിരുനാമം സ്തോത്രം ചെയ്യേണ്ടതിനു കാരാഗൃഹത്തിൽ നിന്നു എന്റെ ആത്മാവിനെ പുറപ്പെടുവിക്കണമെ; നീ എനിക്കു പ്രതിഫലം നൽകുമ്പോൾ നിന്റെ നീതിമാന്മാർ എന്നെ കാത്തിരിക്കും.

(118:105-112) തിരുവചനം എന്റെ കാലുകൾക്കു വിളക്കും എന്റെ വഴികൾക്കു പ്രകാശവുമാകുന്നു.

നിന്റെ നീതിയുള്ള ന്യായങ്ങളെ ആചരിക്കാമെന്നു ഞാൻ ആണയിട്ടുറച്ചു. കർത്താവേ! ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ! തിരുവചനപ്രകാരം എന്നെ ജീവിപ്പിക്കണമെ.

കർത്താവേ! എന്റെ വായിലെ വചനങ്ങൾ ഇഷ്ടപ്പെട്ട് നിന്റെ ന്യായങ്ങൾ എന്നെ പഠിപ്പിക്കണമെ.

എന്റെ ആത്മാവ് എല്ലായ്പ്പോഴും നിന്റെ തൃക്കൈകളിൽ ആകുന്നു. ഞാൻ നിന്റെ വേദപ്രമാണം മറന്നില്ല.

പാപികൾ എനിക്കായി കെണികൾ വച്ചു. ഞാൻ നിന്റെ കൽപനകളിൽ നിന്നും മാറിപ്പോയില്ല.

ഞാൻ നിന്റെ സാക്ഷ്യത്തെ എന്നേക്കും അവകാശമാക്കി. എന്തെന്നാൽ അതു എന്റെ ഹൃദയത്തിനു ആനന്ദമാകുന്നു.

നിന്റെ പ്രമാണങ്ങൾ എപ്പോഴും സത്യമായി ആചരിപ്പാൻ ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു.

(116) സകല ജാതികളുമെ! കർത്താവിനെ സ്തുതിപ്പിൻ; സകലജനങ്ങളുമെ! തന്നെ മഹത്വപ്പെടുത്തുവീൻ . എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു; താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

(എന്യോനൊ)

(സ്ലീമൊറിയോ ബ്റഹ്മേ-എന്ന രീതി)

എൻ നാഥാ നിൻ കൃപ നിന്നെ
ഇപ്പാപികളിൽ ചായിച്ചു
നിൻ സ്ളീബാച്ചിറകിൽ തൂങ്ങും
നിൻസഭമേൽ കൃപ തോന്നേണം.

അതിശക്തി മഹത്ത്വങ്ങളതാൽ
മൃതരിടയീന്നേററാൻ മ്ശീഹാ!
ദുരിതക്കടലീന്നടിയാരെ
കരുണയൊടെഴുന്നേൽപ്പിക്കേണം.

നിന്നുത്ഥാനത്തിന്റെ വിശു-
ദ്ധോൽസവമാമീദിവസത്തിൽ
നിൻ കൃപയെ സ്തോത്രം ചെയ്‌വാൻ
ഞങ്ങളുടെ പാപം മോചിക്ക

ക്രോബകൾ ജീവമരത്തോട്ടം,
കാത്തീറയർ മ്ശീഹാക്കബറും
പള്ളികൾ ദയറാകളുമിന്നീ-
യുത്ഥാനം കൊണ്ടാടുന്നു.

*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ശരണത്താലെയുറങ്ങീടും
മൃതരെ മോദിപ്പിച്ചവനേ!
മോദിപ്പിച്ചടിയാരെ നിൻ
വലമാക്കണമുത്ഥാനത്തിൽ
സ്തൗമെൻകാലോസ്-കുറിയോലായിസോൻ

## പ്രുമിയോൻ

പട്ടക്കാരൻ: നാം എല്ലാവരും പ്രാർത്ഥിച്ചു കർത്താവിനോട് കരുണയും മനോഗുണവും യാചിക്കണം.

ജനം: കാരുണ്യവാനായ കർത്താവേ! ഞങ്ങളുടെമേൽ കരുണചെയതു ഞങ്ങളെ സഹായിക്കണമേ

പട്ടക്കാരൻ: സ്തുതിയും,സ്തേത്രവും, പ്രഭയും, പുകഴ്ചയും, മാഞ്ഞുപോകാത്ത നല്ല ഉന്നതിയും എല്ലായ്പ്പോഴും ഇടവിടാതെ കരേറ്റുവാൻ ഞങ്ങൾ യോഗ്യരായി തീരണമേ.

തിരുവിഷ്ടത്താൽ മരണത്തിനായി വരികയും സ്നേഹാധിക്യത്താൽ കബറിലേക്കു പ്രവേശിക്കുകയും ചെയ്ത നല്ല ഉടയവനും, മനുഷ്യരെക്കുറിച്ചു സ്നേഹമുള്ളവനും, സകലത്തിൽ നിന്നും ഉയർന്നിരിക്കുന്ന അത്യുന്നതനും, സ്വഭാവത്താൽ അദൃശ്യനും, നാനാധനങ്ങളും വാരി എടുക്കപ്പെടുന്ന ഭണ്ഡാ

രമുള്ള ധനവാനും, എല്ലാ ഭാഗങ്ങളിലേയ്ക്കും സ്വന്ത നിക്ഷേപങ്ങളെ വിഭജിച്ചു കൊടുക്കുന്നവനുമായ നിനക്കു സ്തുതി. സന്ധ്യാ പ്രാർത്ഥനയുടെ ഈ സമയത്തും, സകല പെരുന്നാളുകളിലും, നേരങ്ങളിലും, നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും നിനക്കു യോഗ്യമാകുന്നു.

ബ്കുൽഹൂൻ....

ജനം: ആമ്മീൻ

ഹൂസോയൊ

പുണ്യമാക്കുന്നവനും വെടിപ്പാക്കുന്നവനും ഞങ്ങളുടെ തിന്മകൾ ക്ഷമിച്ചു മായിച്ചു നീക്കി ഓർക്കാതിരിക്കുന്നവനുമായ ദൈവമായ കർത്താവേ! നിന്റെ സ്നേഹകാരുണ്യത്താൽ എന്റെ കർത്താവേ! എണ്ണപ്പെടുവാൻ പാടില്ലാത്തവണ്ണം വളരെയും വലിയവയുമായ എന്റെ പാപങ്ങളും വിശ്വാസമുള്ള നിന്റെ സകല ജനത്തിന്റെ പാപങ്ങളും മായിച്ച്, ഉത്തമനേ! ദയതോന്നി ഞങ്ങളോടു കരുണചെയ്യണമേ. ദൈവമായ കർത്താവേ! നിന്റെ കരുണയാൽ ഞങ്ങളെ നീ ഓർത്തുകൊള്ളണമേ. അതിനാൽ എന്റെ നാഥാ! ഞങ്ങളുടെ മാതാപിതാക്കളുടെയും, സഹോദരീസഹോദരന്മാരുടേയും, ഗുരുക്കന്മാരുടെയും, ഉപദേഷ്ടാക്കന്മാരുടെയും മരിച്ചുപോയവരുടെയും വിശുദ്ധിയും മഹത്ത്വവുമുള്ള നിന്റെ സഭയുടെ മക്കളാകുന്ന വിശ്വാസികളായ സകല മരിച്ചുപോയവരുടെയും ആത്മാക്കളെ നീ ഓർത്തുകൊള്ളണമേ. ദൈവമായ കർത്താവേ! അവരുടെ ആത്മാക്കളേയും, അരൂപികളെയും, ശരീരങ്ങളെയും ആശ്വസിപ്പിച്ചു കരുണയും ആർദ്രതയുമാകുന്ന പനിമഞ്ഞ് അവരുടെ അസ്ഥികളിന്മേൽ തളിക്കണമേ. ഞങ്ങളുടെ രാജാവായ മ്ശീഹാ തമ്പുരാനേ! കർത്താധികർത്താവേ! മഹത്ത്വനാഥാ! ഞങ്ങൾക്കും അവർക്കും പാപപരിഹാരവും,പാപപരിഹാരം ചെയ്യുന്നവനും നീ ആയിരിക്കണമേ. എന്റെ കർത്താവേ, ഞങ്ങളോട് ഉത്തരമരുളിചെയ്തു ഞങ്ങളുടെ തുണയ്ക്കായി എഴുന്നെള്ളണമേ. ഞങ്ങളുടെ സഹായത്തിനെത്തി, ഞങ്ങളെ രക്ഷിച്ചു ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളണമേ. ദൈവമേ! നിന്റെ കരുണയാൽ സകല കഠിന ശിക്ഷകളും അകറ്റി മായിച്ചു കളയണമേ. കർത്താവേ! നിന്റെ കാരുണ്യത്താൽ കോപവടികൾ ഞങ്ങളിൽ നിന്നു വിലക്കി കടത്തിക്കളയണമേ. സമാധാന മനുഷ്യർക്കുള്ള നല്ല അവസാനത്തിനു ഞങ്ങളെല്ലാവരെയും യോഗ്യരാക്കണമേ. നിനക്കിഷ്ടമുള്ളതും, നിന്റെ ദൈവത്വത്തിനു യോഗ്യവും പ്രസാദകരവുമായ ക്രസ്തീയ അവസാനം ഞങ്ങൾക്കു സൗജന്യമായിത്തരണമേ. ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ.....ആമ്മീൻ.

സെദ്റൊ

പട്ടക്കാരൻ: ഞങ്ങളുടെ ദൈവമായ മ്ശീഹാ! നിന്റെ രക്ഷാകരമായ നടപടിയാലും മനുഷ്യരെക്കുറിച്ചുള്ള നിന്റെ ദിവ്യ സ്നേഹത്താലും, കാതോലികവും, ശ്ലൈഹികവുമായ നിന്റെ സഭയെ സകല പുറജാതികളിൽ നിന്നും തെരഞ്ഞെടുത്ത് അതിനെ നിന്റെ വിശുദ്ധ രക്തത്താൽ വിലക്കു വാങ്ങി, മഹത്ത്വമുള്ള മണവാട്ടിയാക്കിത്തീർത്തു. ഞങ്ങളെ നിന്റെ മക്കളും അവകാശവുമാക്കിത്തീർക്കുകയും മരണത്തിന്റെയും സാത്താന്റെയും അടിമത്തത്തിൽ നിന്നു സ്വാതന്ത്ര്യപ്പെടുത്തി രക്ഷിക്കയും, നിന്നെക്കുറിച്ചുള്ള അറിവിന്റെ യോഗ്യയുള്ള പ്രകാശത്താൽ പ്രശോഭിപ്പിക്കുകയും ചെയ്തിരിക്കുന്നു. കർത്താവേ! ഞങ്ങളും നിന്റെ മക്കൾ എല്ലാവരും നിന്റെ ദിവ്യ കൽപനകൾ ആചരിക്കുകയും, അവയെ ധ്യാനിക്കുകയും, രാവും പകലും നിന്റെ പ്രമാണങ്ങളിൻ പ്രകാരം നടന്നു, നിന്നിൽ സന്തോഷിക്കുകയും ചെയ്യുമാറാകണമെ; ജീവിപ്പിക്കുന്നതായ നിന്റെ സുവിശേഷം ഞങ്ങൾ പ്രസംഗിക്കുകയും, അന്യ ജാതികളുടെയും സ്വജാതികളുടെയും ഇടയിൽ നിന്റെ ഏവൻഗേലിയോൻ വഹിക്കുകയും, വിശുദ്ധ സ്ളീഹന്മാരും അറിയിപ്പുകാരായ ദീർഘദർശിമാരും ഞങ്ങൾക്ക് ഒരുക്കിത്തന്നിട്ടുള്ള മാർഗത്തോടു ചേർന്നു അതിൽകൂടി നടക്കുകയും, അവരുടെ ചൊവ്വുള്ള കാലടികൾ പിന്തുടരുകയും ചെയ്യുമാറാകണമേ. നിന്റെ ദിവ്യ തിരുവിഷ്ടത്താൽ ഞങ്ങൾ എല്ലാവരും പൂർണ്ണതപ്പെടുകയും, നീ അവർക്കു കൊടുത്തിട്ടുള്ള മഹത്ത്വത്തിൽ ഞങ്ങൾ കിരീടം ധരിപ്പിക്കപ്പെടുകയും ചെയ്യുമാറാകണമേ. വിശ്വാസികളായ നിന്റെ ജനങ്ങൾക്കു നിന്റെ കൽപനകളുടെ രഹസ്യം ഞങ്ങൾ കാണിച്ചുകൊടുക്കുകയും, ജീവന്റെയും സന്തോഷത്തിന്റെയും വചനം അവരോടു പ്രസംഗിക്കുകയും, നിന്റെ മഹിമയുള്ള പ്രകാശത്താൽ ഞങ്ങൾ പ്രശോഭിക്കുകയും, നിന്റെ ആത്മീയ ഉറവയിൽ നിന്നു ഞങ്ങൾ ധാരാളമായി പുഷ്ടിപ്പെടുകയും നിന്റെ ജീവപാനീയത്താൽ ഞങ്ങൾ പൂർണ്ണമായി ഇമ്പപ്പെടുകയും ചെയ്യുമാറാകണമേ. ഞങ്ങൾ നിത്യവും മാധുര്യമുള്ള ഗാനങ്ങളും, ചേർച്ചയുള്ള സ്തുതികളും, കബറിൽ നിന്നുള്ള നിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ മഹത്തരമായ പെരുന്നാളിൽ നിനക്കു കരേറ്റുമാറാകണമേ. എല്ലാ നേരവും ഇടവിടാതെ ആനന്ദകരമായ സ്തോത്രങ്ങൾ നിനക്കും, പ്രത്യേകം മഹത്ത്വമുള്ളതും, അത്ഭുതം നിറഞ്ഞിരിക്കുന്നതും, വിസ്മനീയങ്ങളും മഹിമയുള്ള അതിശയ പ്രവർത്തങ്ങളോടു കൂടിയവയുമായ നിന്റെ ഉയിർത്തെഴുന്നേൽപ്പിനും അണയ്ക്കുമാറാകണമേ. നിന്റെ കരുണയ്ക്കായി

നോക്കിപ്പാർക്കുകയും, നിന്റെ കുരിശിൽ തറപ്പിനെ ഏറ്റുപറയുകയും നിന്റെ ദൈവത്വത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന നിന്റെ ഇടവകയ്ക്കു സമാധാനവും നിന്റെ സഭയ്ക്കു നിരപ്പും സൗജന്യമായി കൊടുക്കണമേ. സത്യവിശ്വസത്തോടു അതിൽ നിന്നു യാത്ര പുറപ്പെട്ടിരിക്കുന്ന വിശ്വാസികളായ മരിച്ചുപോയവർക്കു സ്വർഗത്തിൽ നിന്നുള്ള നിന്റെ എഴുന്നെള്ളുത്തു ദിവസത്തിൽ നിന്റെ വലതുഭാഗത്തുള്ള ഇമ്പവും ആനന്ദവും കൊടുക്കുണമേ. ഞങ്ങളും വിശ്വാസമുള്ള സഭയുടെ മക്കൾ എല്ലാവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമേ. ഹോശൊ.....മെൻ ആലോഹൊാൻ കാബേൽ....

(ദൈവത്തിൽനിന്നു കടങ്ങൾക്കു പരിഹാരവും, പാപങ്ങൾക്കു മോചനവും, രണ്ടു ലോകങ്ങളിലും, എന്നെന്നേയ്ക്കും നാം കൈകൊള്ളുമാറാകട്ടെ).

ജനം: ആമ്മീൻ

(ധൂപ ഗീതം)

-ലൊക് മൊറിയോ കോറേനോൻ-

നാഥൻ മൃതരിടയിലുറപ്പി-ച്ചാദത്തെ
ഖേദിക്കേണ്ട നിൻപാപത്തോയോർ-ത്തിനിയും നീ
നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ
ഏദൻകനി നീ തിന്നതിനായ് കൈപ്പും-കുടിച്ചേൻ ഞാൻ
നഗ്നതയാൽ-നീ ഇലകൾ ചാർത്തി
നഗ്നതയോ-ടെന്നെയവർ തൂക്കി
ഞാൻ ചിന്തിയ രക്തത്താൽ പോയ്-കോപം താതന്റെ
ബാറെക്മോർ
പട്ടക്കാരൻ: ശുബ്ഹോ........ഹാലേലുയ്യാ
മോദിക്ക വിശുദ്ധ സഭേ നമ്മുടെ നാഥൻ
മൂന്നാം നാളിൽ ജീവിച്ചാക്കബറീ-ന്നെഴുന്നേറ്റാൻ
പാപത്തെകൊലയാൽകൊന്നാൻ മൃതിയേമൃതിയാൽ
ക്രോബകൾ കുന്തം താനേറ്റക്കുന്ത-ത്താൽ നീക്കി
തൻകബറാൽ തീർത്താൻ കബർനാശം
തന്നുത്ഥാനാ-ലിങ്ങുയിരേകി
ഏറ്റിവതാൻ പോക്കിവഴിത്തെറ്റെല്ലാം-ഞങ്ങളുടെ
മെൻഓലം...........ഹാലേലുയ്യാ
തൻശുദ്ധശരീരം ഭക്ഷിച്ചുയിരേകും
രക്തം പാനം ചെയ്ത മൃതർക്കായ് നാം-പ്രാർത്ഥിക്ക
അഴിവില്ലാലോകത്തവർ തൻ ദേഹികൾമേലും
പാപതമസ്സാത്മാക്കളിലും വാഴാ-യ്‌വാൻതന്നെ
അവരാത്മാ-ക്കളെ നീക്കിയ നാഥാ!
ഏറ്റവർ ചൊ-ന്നാർ നിൻ സ്കീപ്പായെ
നിൻ വലഭാഗത്തു നിർത്തീ-ടേണം-നീയവരെ
മൊറിയോറാഹേമ്മേലൈനു ആദാറൈൻ

എത്രൊ

പട്ടക്കാരൻ: ഗോകുൽത്തായുടെ മുകളിൽ കാഴ്ചയണയ്ക്കപ്പെടുകയും, സ്കീപ്പാ കരേറ്റത്താൽ ലോകത്തിന്റെ അന്യായം പരിഹരിക്കുകയും ചെയ്ത പുണ്യപ്പെടുത്തുന്ന ബലിയും, സംയോജിപ്പുണ്ടാക്കുന്ന ധൂപകലശവുമായ എന്റെ കർത്താവേ! ബലഹീനരായ നിന്റെ അടിയരായ ഞങ്ങൾ അർപ്പിച്ചിരിക്കുന്ന നിസ്സാരമായ ഈ ധൂപം മനുഷ്യരോടുള്ള നിന്റെ സ്നേഹം മൂലം കൈക്കൊള്ളണമേ. അതു നിന്റെ ബഹുമാനത്തിന്റെ മഹാശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കുമാറാകണമേ. നിന്റെ അടുക്കൽ നിന്നു ഞങ്ങളുടെ കടങ്ങൾക്കും പാപങ്ങൾക്കും പരിഹാരവും മോചനവും അയച്ചുതരികയും നിന്റെ മനുഷ്യസ്നേഹംമൂലം ഞങ്ങളുടെ മരിച്ചുപോയവരെ ആശ്വസിപ്പിക്കുകയും ചെയ്യണമെ.

മോറാൻവാലോഹാൻല് ഓൽമ്മീൻ........

ജനം: ആമ്മീൻ.

(ധൂപാനന്തരഗീതം)

(കുക്കോയോ)

നിൻമുറിവുകളിന്നേറ്റേൻ മൂറോൻമണമെൻ നാഥാ!
നിന്നധരങ്ങളഹോ പട്ടിൻ-നൂലോടൊത്തുള്ളു
കാണ്മാൻ വന്നോ-നെന്നെ ഭടർ ചുറ്റി
ഗോഗുൽത്തായി-ക്കവരെ വിട്ടോടി
നിൻ മാർവു തുറന്നും, രക്തം-വാർന്നും കണ്ടേൻ-ഞാൻ
കുരിശാലടിയാരെ കാക്കും-നാഥനായ് സ്തോത്രം
ഹാലേലുയ്യാ-അട്ടഹസിക്കുന്നേൻ.
ബാറെക്മോർ. ശുബ്ഹോ...........ഹാലേലുയ്യാ
എന്നെ മയക്കിനിൻ നൽസൗ-ന്ദര്യാ-ശ്ചര്യങ്ങൾ
നിൻ സ്തുതി ദൈവസുതാപാടാൻ സ്വരമിവനില്ലൊന്നും
പിതൃവലമായ് നി-ന്നെക്കണ്ടേൻ മേലിൽ
കള്ളന്മാർ ത-ന്നിടയിലുമാഴത്തിൽ
നിൻ ശയ്യമരിച്ചോർ മദ്ധ്യേ-സ്വർഗ്ഗം നിൻ പീഠം
ഈറയർമേലും നരർകീഴും നാഥന്നായ് സ്തോത്രം
ഹാലേലുയ്യാ- അട്ടഹസിക്കുന്നു.
മെൻഓലം.......ഹാലേലുയ്യ്
ഞങ്ങൾ തൻ മൃതരേ നീയോ-ർത്തേകീടാശ്വാസം
ചാർത്തി സ്നാനേമദ്ബഹായിൽ നി-ന്നെയുൾക്കൊണ്ടോർ
നിൻ ശുദ്ധശരീ-രത്തേ ഭക്ഷിച്ചു
നിൻ രക്തക്കാ-സാപാനം ചെയ്തോർ
അബറാഹത്തൊടു നിൻ രാജ്യ-ത്താനന്ദച്ചാർത്തും
നിൻ വലമായ് നിന്നും നിന്നെ-സ്തോത്രം ചെയ്യണം
ഹാലേലുയ്യാ-നൽകീടാശ്വാസം.

**ഏവൻഗേലിയോൻ**

(പെസ്ഗോമ)

ഹാലേലുയ്യാ വ് ഹാലേലുയ്യാ
സ്വർഗം സന്തോഷിക്കും ഭൂവാനന്ദി-ക്കും
മ്ശീഹാരാജൻ തന്നുത്ഥാനത്തിൽ-ഹാലേലുയ്യാ

(ഏവൻഗേലിയോൻ വായിച്ചു കഴിഞ്ഞശേഷം)

(ധുപ പ്രാർത്ഥന)

മക്കളിലപ്പൻ കൃപചെയ്വതുപോലെ-ഹാ-ഹാ
ഭക്തന്മാരിൽ ദൈവം കൃപചെയ്യും
പുല്ലിനു തുല്യം നരനുടെ നാൾകളഹോ-ഹാ-ഹാ
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ. ബാറെക്മോർ
ശുബ്ഹോ........മെൻഓലം........

എക്ബോ

ശരണത്താലേ നിൻകൃപയിൽ
മരണമടഞ്ഞോരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നുദ്യാനത്തിന്നായ്

സ്തൗമെൻ.....കുറിയേലായിസോൻ

(കോലോ-ത്രൈഹൂൻ ഒൽമേ)

ഭൂ-വാനം നാഥാ നിന്റെ
അധികാരം തേ യവിടെ-ങ്ങും
സ്ളീ-ബായാൽ ദേഹികളെക്കാ
ത്തൻപാൽ മൃതരിൽ കൃ-പചെയ്ത

ബാറെക്മോർ ശുബ്ഹോ.......

മൃ-തജീവദനേ! തേ സ്തോത്രം
ഉയിർ കബറിൽ നൽകും നാ-ഥാ
ത്രി-ത്വത്തിൻ തിരുനാമത്തി
ന്നെന്നേയ്ക്കും ഹാലേലു-യ്യാ മൊറിയോ

**മോർ യാക്കോബിന്റെ ബോവൂസൊ**

ഉത്ഥാനത്താൽ തൻസഭയെ വീണ്ടോനാം പുത്രാ!
നിൻശൈനോ നൽകിത്തൻ പ്രജയേ കാക്കേണം നീ
ആനന്ദമെഴുന്നീടുമതിന്റെ കോണുകളിൽ നിൻ
ശൈനോ കോട്ടയ്ക്കൊപ്പം മേവിക്കാത്തീടേണം
നിൻശ്ളോമാതൻ വാതിലു കാക്കേണം നിൻശൈനോ
വന്നങ്ങടി വെപ്പോരെല്ലാരും കണ്ടീടേണം
സ്തുത്യൻ സഭയെതീർത്തതിനേ കാത്തീടും താതൻ
വന്ദ്യൻ കൊലയാൽ സദ്യയതിന്നേകിടും പു-ത്രൻ
കബറീന്നൂയിർ പൂണ്ടൊരു സൂതനായെല്ലാജാതി
ക്കാരിൽ നിന്നും വന്ദനം കൂട്ടും റൂഹാ സ്തുത്യൻ
വിൺമൺലോകർക്കൈക്യം നല്കീടും ശൈനോ നി-
ന്നുത്ഥാനത്താൽ നിൻ സഭയിൽ ശൈനോ നൽകേണം

**കാദീശാത്ത് ആലോഹോ**

ശുദ്ധൻ നീ ആലോ-ഹോ
ശുദ്ധൻ നീ ബലവാനേ!
ക്രൂശേറ്റോനേ+ മൃതിഹീനാ! പരിശുദ്ധൻ നീ
കൃപ ചെയ്തീടണമേ. (മൂന്നു പ്രാവശ്യം)
നാഥാ! കൃപ ചെയതീടണമേ
നാഥാ! കർമ്മവുമർത്ഥനകളു-മേറ്റിട്ടവയാൽ
കൃപ ചെയ്തീടണമേ
സ്തോത്രം തേ ദേവേശാ!
സ്തോത്രം തേ സ്രഷ്ടാവേ!
സ്തോത്രം പാപികളടിയാരിൽ കൃപ ചെയ്തീടും
മ്ശീഹാ രാ-ജാവേ! ബാറെക്മോർ

**(സുറിയാനി)**

കാദീശാ-ത്താലോഹോ...........(മോഒാ)
കാദീശാത്ത്-ഹൈൽസോനോ (മോഒാ)
കാദീശാത്ത് ലോ-മോയു-സോ ദെസ്തലെബ്ത്-
ഹ്ലോപ്പൈ-ൻ എസ്രാഹാ-മ്മേ......ലൈൻ(3പ്രാവശ്യം)
മോറാൻ എസ്രാ-ഹാമ്മേലൈ.........ൻ
മോറാൻ ഹൂസുറാഹോമ്മേലൈ........ൻ
മോറാൻ കാബെൽ തെശ്മെശ്ത്താൻ വസ്ലാവോ
സാ-നെസ്രാഹാ-മ്മേ.......ലൈൻ
ശുബ്ഹോലോ-ക് ആലോഹോ
ശുബ്ഹോലോ-ക് ബോറൂയോ

ശുബ്ഹോലോ-ക് മല്ക്കൊമ്ശീഹൊദ്ഹോയെൻ
ല്ഹാത്തോയെ അബ്ദാ-യ്ക്ക്-ബാറെക്മോർ

**പരിശുദ്ധന്മാരുടെ ഓർമ്മദിനത്തിൽ**

കാദീശാത്താലോഹോ-മ്കദ്ശോനോ ദ്കാദീശേ (യ്യെ)
കാദീശാത്ത് ഹൈൽസോനോ-മ്ഹൈലോനോ ദസ്ലീത്തേ (യ്യെ)
കാദീശാത്ത് ലോമോയൂസോയോഹെബ്കുദ്ശെല് കാദീശെ- (യ്യെ)
ദസ്തലെബ്ത്മേത്തൂ ലോസാൻ എസ്രാഹമ്മേലൈൻ (3 പ്രാവശ്യം)

മോറാൻ എസ്രാ-ഹാമ്മേലൈ.....ൻ
മോറാൻ ഹുസുറാഹേമ്മേലൈ....ൻ
മോറാൻ കാവെൽതെശ്മെശ്ത്താൻ വസ്ലാവോ
സാ-നെസ്രാഹാ-മ്മേ............ലൈൻ
ശുബ്ഹോലോ-ക് ആലോഹോ
ശുബ്ഹോലോ-ക് ബോറൂയോ
ശുബ്ഹോലോ-ക് മല്ക്കൊമ്ശീഹൊദ്ഹോയെൻ
ല്ഹാത്തോയേ അബ്ദാ-യ്ക്ക്-ബാറെക്മോർ
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........
കൃപനിറഞ്ഞ മറിയമേ......

## ക്യംതാ സുത്താറ

**ഒരു കൗമാ**
**(മെൻഹൌബായ്)**

തെറ്റിന്നിരുളാലാവൃതമാമെൻ മനനങ്ങൾ നിന്നാൽ ശോഭി-ക്കും
താതാ നിൻ പ്രഭയാലെന്റെ
യുൾനയനങ്ങൾ തുറക്കണമെ
സൃഷ്ടിയെ ശോഭിതമാക്കും നിൻ പ്രഭമൂലം ഞാൻ സ്തുതി ചെയ്യും നിന്നെ
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ.*
സ്വർഗം കാംക്ഷിപ്പോനീശനെ നിർമലസ്നേഹാൽ പ്രീണിപ്പിക്കട്ടെ
അതിനാലുജ്ജ്വല മണിയറയിൽ
പൂകുന്നു, ത്തമരമല-ന്മാർ
അതിവേദനയീ, ന്നനുതാപികളതിനാൽ രക്ഷിതരായ് സ്വർഗം-നേടും.
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

### മോർ ബാലായിയുടെ ബോവൂസൊ

പാപികളോടാദ്രതയുള്ളോനേ! നാഥാ!
കാരുണ്യം ചെയ്നിൻ ന്യയതീർപ്പിൻ നാൾ
ദുഃഖം പൂണ്ടോർ നിൻ വാതിൽ മുട്ടുന്നു
കാരുണ്യത്താൽ നൽകേണം യാചനയെ
സ്വർഗസ്ഥൻ താത പ്രാർത്ഥിക്കുന്നടിയാർ
കൈക്കൊണ്ടീക്കർമം കാരുണ്യം ചെയ്ക
വിണ്ണവർ തൻ നാഥാ മൺമയരാശയുമേ
കൈക്കൊണ്ടിക്കർമം കാരുണ്യം ചെയ്ക

### മോർ അപ്രേമിന്റെ ബോവൂസൊ

കർത്താവേ കൃപ ചെയ്യണമേ
ശുശ്രൂഷ കൈക്കൊള്ളമേ

ശ്രീഭണ്ഡാരത്തിൽ നിന്നും
മോചനകൃപകൾ നൽകണമേ
കോപാഗ്രഹമില്ലാത്തങ്ങേ
ചെയ്തികളാൽ,കരുണാപൂർണാ
കോപിപ്പിച്ചെങ്കിലുമടിയാർ
കലങ്ങാശാന്തതയാം നിന്നിൽ
നിബിയാലുര ചെയ്താനേക
ത്തുള്ളി സാമാനം ജനമെല്ലാം
മാറ്റീടാൻ നിൻ ശാന്തതയെ
അന്യായത്തിനു കഴിവില്ല.
പ്രാർത്ഥനയെ കേൾക്കുന്നോനേ
യാചനയെ കേൽക്കുന്നോനേ
പ്രാർത്ഥന കേട്ടു നിരപ്പായി-
ട്ടുത്തരമേകണമെ കൃപയാൽ

അല്ലെങ്കിൽ
എക്ബോ
(വൊയ്ലീദഹ്വീസ്)

ശുദ്ധൻ മദ്ധ്യേ-മേവിടും ഞാൻ, വ്യർത്ഥൻ കഷ്ടം
അവരുടെ രീതി പഠിച്ചില്ലൊട്ടും
തൻമണിയറകൾക്കന്യനുമായി
എൻ ദുഷ്കൃത്യം-തൻ സംഘത്തീ-ന്നെന്നെ നീ-ക്കി

**മോർ അപ്രേമിന്റെ ബോവൂസൊ**

ഞങ്ങൾക്കുള്ള കർത്താവേ!
ഞാനിഹ നിദ്രയൊഴിഞ്ഞിട്ട്
ഉണർവോടെ നിൻതിരുമുമ്പിൽ
നിൽപാൻ കൃപ നീ നൽകണമേ
വീണ്ടും ഞാനുറങ്ങുന്നാകിൽ
എനിക്കുള്ള എന്റെയുറക്കം
കർത്താവേ നിൻ തിരുമുമ്പിൽ
ദോഷം കൂടാതാകണമേ.
എന്നുണർച്ചയിൽ ഞാൻ ചതിപെടുകിൽ
നിൻ നന്മയിൽ ഞാൻ പൊറുക്കപ്പെടും
ഉറക്കത്തിൽ ഞാൻ പിഴച്ചെങ്കിൽ
പൊറുപ്പാൻ കരുണ നീ ചെയ്യണമേ.
തവക്ഷീണത്തിൽ സ്കീപ്പായാൽ
നല്ലയുറക്കമെനിക്കു നീ തരിക
ആകാസ്വപ്നമശുദ്ധിയിൽ നീ-
ന്നെന്നെ നീ രക്ഷിച്ചുകൊള്ളണമേ.
നിരപ്പുനിറഞ്ഞയുറക്കത്തിൽ
രാവൊക്കെയുമെന്നെ നീ ഭരിക്ക
തണ്യവരും വേണ്ടാനിനവും
എന്നിൽ മുഷ്ക്കരമാക്കല്ലേ
നിന്റെ അടിയാൻ ഞാനതിനാ-
ലെന്റെ സന്ധികൾ കാപ്പാനായ്
വെളിവിനുടെ മാലാഖയെ
എനിക്കു നീ തരണം കർത്താവേ.
ദ്വേഷതപെട്ടയപേക്ഷയിൽ നി-
ന്നെന്നെ നീ രക്ഷിച്ചു കൊള്ളണമേ

ഉയിർപ്പെട്ട നിൻ ദേഹത്തെ-
ഞാനനുഭവിച്ചെന്നതിനാലെ.
ഞാൻ ചരിഞ്ഞനുകൂലത്താലുറങ്ങുമ്പോൾ
നിന്റെ ചോരയെനിക്കു കാവൽ
നിൻ മെനച്ചിലിനുടെ സ്വതകർമം
നിൻകൃപയോടെ നൽകണമേ.
നിൻ കൈ മെനഞ്ഞ ശരീരത്തെ
നിന്റെ വലത്തേതാക്കണമേ
നിന്റെ കരുണകൾ കോട്ടയതായ്
എനിക്ക് നീ ചുറ്റിച്ചു കൊള്ളണമേ
ശരീരമടങ്ങിയുറങ്ങുമ്പോൾ
കാവലതായതു നിൻശക്തി
സൗരഭ്യമായ ധൂപം പോൽ
എന്റെയുറക്കം തിരുമുമ്പിൽ
നിന്നെപ്പെറ്റാളമ്മയുടെ
നിന്നോടുള്ളയപേക്ഷയാലേ
എനിക്കുള്ള ശയനത്തിൻമേൽ
തിന്മപെട്ടവനണയരുതേ.
എനിക്കുവേണ്ടീട്ടുണ്ടായെന്ന
നിനക്കുള്ള പൂജയാലെ
എന്നെ വ്യസനത്തിലാക്കായ്‌വാൻ
സാത്താനെ നീ മുടക്കണമേ.
കർത്താവേ നിൻ പറഞ്ഞൊപ്പ്
എന്റെ പക്കൽ തികയ്ക്കണമേ
നിനക്കുള്ള സ്ളീബായാലെ
എന്റെ ആയുസ്സ് കാക്കണമേ.
ഞാനുണരപ്പെട്ടീടുമ്പോൾ
നിന്നെ ഞാൻ കൊണ്ടാടുവാൻ
എന്റെ തളർച്ചയുടെ പക്കൽ
നിന്റെ ഉപവി നീ കാട്ടണമേ.
നിൻതിരുമനസ്സിനെ ഞാനറിഞ്ഞ്
ഞാനതിനെ ചെയ്‌വാനായ്
നിൻതിരുമനഗുണമതിനാലേ
എനിക്കു നീ മനോഗുണം ചെയ്യണമേ.
നിരപ്പുനിറഞ്ഞോരന്തിയും
പുണ്യത്വത്തിനുടെ രാവും
ഞങ്ങളുടെ രക്ഷകൻ മ്ശിഹാ കർത്താവേ
അടിയാർക്കു നീ തരിക.
വെളിവിൽ താൻ പ്രകാശിച്ചു
വെളിവിൽ തന്നെ പാർക്കുന്നു
വെളിവിനുടെ സുതരായവരും
നിന്നെത്തന്നെ വന്ദിക്കുന്നു.
നിനക്കു സ്തുതി നിന്നനുഗ്രഹങ്ങൾ
ഞങ്ങടെ മേലുമതാകണമേ
ഇഹലോകത്തിലമതുപോലെ
പരലോകത്തിലുമതാകണമേ.
എന്റെ കർത്താവേ നിനക്കു സ്തുതി
നിനക്കു സ്തുതി, സ്തുതി നിനക്കു സ്തുതി
ആയിരങ്ങളുടെ ആയിരവും
അളവു കൂടാതെ നിനക്കു സ്തുതി.

നമസ്കാരം കേൾക്കുന്നവനേ
യാചനകൾ നൽകുന്നവനേ
ഞങ്ങളുടെ നമസ്കാരം കേട്ടു
യാചനകൾ നൽകീടണമേ.

**(വേറൊന്ന്)**

കർത്താവേ കൃപ ചെയ്യണമേ
കൈക്കൊണ്ടടിയാരുടെ കർമം
പൊറുതിയയച്ചരുളണമേ
നിന്നറയീന്നലിവുമനുഗ്രഹവും.
നിദ്രവെടിഞ്ഞിട്ടുണർവൊടു ഞാൻ
നിൻ മുൻ നിൽക്കാറാകണമേ
വീണ്ടുമുറങ്ങിലതിൽ പാപം
തീണ്ടുകയും ചെയ്യരുതേ ഞാൻ.
അക്രമമുണർവിൽ ചെയ്കിൽ ഞാൻ
പോക്കണമേ നാഥാ! കൃപായാൽ
നിദ്രയിൽ ഞാൻ പാപം ചെയ്കിൽ
നിൻ കൃപ മോചനമരുളണമേ.
എളിമയെഴും നിൻ കുരിശിനെയോർ-
ത്തേകണമടിയനു സുഖനിദ്ര
മായാരൂപ കാഴ്ചകളിൽ
പായാതെന്നെ രക്ഷിക്ക.
സ്വച്ഛന്ദമുറങ്ങും നേരം
ദുഷ്ചിന്തകൾ ദുഷ്ടൻമാരും
എന്നേവന്നു ഭരിക്കായ്‌വാ
നീരാവിൽ കാക്കണമെന്നെ.
എൻ ദേഹമശേഷം കാപ്പാ-
നേകുക വെളിവിൻ ദൂതനെ നീ
നിൻ മെയ് ഞാൻ ഭക്ഷിച്ചതിനാൽ
ദുർമോഹേ വീഴരുതേ ഞാൻ.
ആശ്വാസത്തോടുറങ്ങുമെനി-
ക്കാവുക നിൻ രക്തം കാവൽ
ഈ നിൻ സദൃശമതാം സൃഷ്ടി-
ക്കേകണമേ നീ സ്വാതന്ത്ര്യം.
നിൻ കൈവേലയതാം മെയ്മേൽ
നിന്റെ വലങ്കൈ മേവണമേ
പരിചയ്ക്കൊപ്പം കാക്കുക
നിൻ കരുണക്കോട്ട വളഞ്ഞെന്നെ.
മെയ്യുതുറങ്ങുമ്പോൾ കാവൽ
ചെയ്യണമേ നിന്നുടെ ശക്തി
ഏൽക്കണമേ നൽ ധൂപം പോ-
ലെന്റെയുറക്കും തിരുമുമ്പിൽ.
നിൻ മാതൃ പ്രാർത്ഥനയാലെൻ
ശയ്യയ്ക്കണയരുതേ ദുഷ്ടൻ
എന്നേ ഹിംസിക്കായ്‌വാൻ നിൻ
ബലി സാത്താനെ വിലക്കണമേ.
നിൻവാക്കെന്നിൽ നിവൃത്തിക്ക
നിൻ കുരിശെന്നുയിർ കാത്തിടുക
എന്നെത്താങ്ങിയ നിന്നൻപാൽ
നിന്നെയുണർവിൽ സ്തുതിചെയ്‌വാൻ
നിന്നിഷ്ടം കേട്ടതിനേ ഞാ-

നനുവർത്തിപ്പാൻ കർത്താവേ!
നീതിയെഴുന്നൊരു രാവുമെനി
ക്കേകണമെ നൽസന്ധ്യയതും.
വെളിവാം മ്ശീഹാ രക്ഷക നീ
വെളിവിൽത്തന്നേ നിൻവാസം
വെളിവിൻ പുത്രൻമാർ നിന്നെ
ത്തന്നേ വന്ദിച്ചീടുന്നു.
വെളിവിൽ വസിക്കുന്നുലകത്തിൻ
രക്ഷകനാമീശോ സ്തോത്രം
ഇഹപരലോകങ്ങളിൽ നിന്റെ
കൃപ ഞങ്ങളിലുണ്ടാകണമേ.
സ്തോത്രം സ്തോത്രം കർത്താവേ!
സ്തോത്രമതായിരമായിരമായ്
അനവധിയായ് സ്തോത്രം നാഥാ!
കൃപ വേണം ഞങ്ങളിലെന്നും.
സ്തോത്രം! മാലാഖകൾ ശുശ്രൂ-
ഷിച്ചീറയർ വന്ദിപ്പവനേ
പ്രാർത്ഥന കേൾക്കീറയരുടെയും
മാലാഖകളുടെയും നാഥാ!
ത്രിത്വൈകത്വവുമേകത്വ-
ത്രിത്വവുമായി സ്ഥിതി ചെയ്യും
പിതൃസുത പരിശുദ്ധാത്മാവാം
സത്യേകപരനായ് സ്തോത്രം.
ബലഹീനജന പ്രാർത്ഥനയെ
കേൾപ്പാനും കാഴ്ചകൾപോലെ
അനുതാപം പൂണ്ടോർ കണ്ണീർ
കൈക്കൊള്ളുന്നവനും സ്തോത്രം
ഈറയർ ശുശ്രൂഷിപ്പോനേ!
മാലാഖകൾ വാഴ്ത്തുന്നോനേ
വൃക്ഷദലത്തിൻ സംഖ്യയിൽ മൺ-
മയർ നിന്നെ സ്തുതി ചെയ്യുന്നു.
പിതൃസുത പരിശുദ്ധാത്മകനാം
സത്യേകപരനായ് സ്തോത്രം
ചെയ്തീടേണം നാം സത്യ-
ജ്ഞാന വിവേകത്തോടു കൂടി.
മൃതികരവിഷമാം പൊൻവെള്ളി-
ധനമയ്യോ നേടരുതേ നീ
തേടുക സുഖകരമുപദേശം
നിന്നേ നാഥൻ സ്നേഹിപ്പാൻ.
നാല്പതുനോമ്പിനെ നോക്കുക നീ
തീറ്റുക തീനില്ലാത്തവരെ
ഈശായിസുതനൊപ്പം നീ
പ്രാർത്ഥിക്കുക ദിനമേഴൂഴം.
നാല്പതു നാളിന്നുപവാസം
മൂശ കഴിച്ചേലിയായും
നാഥൻ ശത്രുവിനെവെന്നു
നാല്പതു നാളുപവാസത്താൽ.
കടൽകുഴിയഗ്നി ചൂളകളിൽ
നിന്നു കരേറിയ പ്രാർത്ഥനകൾ
അടിയാരുടെ പ്രാർത്ഥനകൾക്കും

കൃപയാം വാതിൽ തുറക്കണമേ.

പ്രാർത്ഥന കേട്ടീടുന്നവനേ!

യാചന നൽകീടുന്നവനേ!

പ്രാർത്ഥന കേട്ടു നിരപ്പായി

കൃപയാൽ യാചന നൽകണമേ.

91-ാം മസ്മൂർ 121-ാം മസ്മൂർ (വിശുദ്ധ ഗ്രന്ഥം)

(91) ബാറെക്മോർ, അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമായ (മനുഷ്യാ)!

ബാറെക്മോർ. നീ കർത്താവിനോടു എന്റെ ശരണവും എന്റെ സങ്കേത സ്ഥലവും, ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവവും (നീ ആകുന്നു) എന്നു പറയുക.

എന്തെന്നാൽ താൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ രക്ഷിക്കും.

തന്റെ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും. തന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. തന്റെ സത്യം നിന്റെ ചുറ്റിലും ആയുധമായിരിക്കും

നീ രാത്രിയിലെ ഭയത്തേയും, പകൽ പറക്കുന്ന അസ്ത്രത്തേയും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തേയും ഉച്ചയിൽ ഊതുന്ന കാറ്റിനേയും ഭയപ്പെടേണ്ട.

നിന്റെ ഒരു ഭാഗത്തു ആയിരങ്ങളും നിന്റെ വലതുഭാഗത്തു പതിനായിരങ്ങളും വീഴും,

അവ നിങ്കലേക്ക് അടുക്കുകയില്ല. എന്നാലൊ നീ സ്വന്ത കണ്ണുകൾകൊണ്ടു നോക്കി ദുഷ്ടന്മാർക്കുള്ള പ്രതിഫലം കാണും.

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ എന്റെ ശരണമായ കർത്താവ് നീ ആകുന്നു.

ദോഷം നിന്നോടടുക്കുകയില്ല. ശിക്ഷ നിന്റെ കൂടാരത്തെ സമീപിക്കുകയുമില്ല.

നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിന്ന് അവൻ നിന്നെക്കുറിച്ചു തന്റെ മാലാഖമാരോടു കല്പിക്കും.

നിന്റെ കാൽ ഇടറാതിരിപ്പാൻ അവരുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസൊ സർപ്പത്തേയും ഹർമോനൊ സർപ്പത്തേയും നീ ചവിട്ടും സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിക്കും; അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് ഞാൻ അവനെ ബലപ്പെടുത്തും. അവൻ എന്നെ വിളിക്കും ഞാൻ അവനോട് ഉത്തരം പറയും. ആപത്തുകാലത്ത് ഞാനവനോടുകൂടെയിരുന്ന് അവനെ ബലപ്പെടുത്തുകയും ബഹുമാനിക്കുയും ചെയ്യും.

ദീർഘായുസുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും. എന്റെ രക്ഷ ഞാൻ അവനെ കാണിക്കയും ചെയ്യും.

(120) ഞാൻ പർവ്വതത്തിലേക്കു എന്റെ കണ്ണുകളെ ഉയർത്തും. എന്നെ സഹായിക്കുന്നവൻ എവിടെ നിന്നു വരും?

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

താൻ നിന്റെ കാൽ വഴുതുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല. ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവു വലങ്കൈകൊണ്ടു നിന്നെ ചൂടും.

പകൽ ആദിത്യനും രാത്രിയിൽ ചന്ദ്രനും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവു സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തുകൊള്ളും. താൻ നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

കർത്താവു നിന്റെ ഗമനത്തെയും നിന്റെ ആഗമനത്തെയും ഇതുമുതൽ എന്നേയ്ക്കും കാത്തുകൊള്ളും

**ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.**

പട്ടക്കാരൻ: ശുബഹോ ....

ജനം : ഹാലേലുയ്യാ ഉഹാലേലുയ്യാ ഉ ഹാലേലുയ്യാ,

മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ

മോർ സേവേറിയോസിന്റെ അപേക്ഷ

മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ കർത്താവേ നിന്റെ കരുണയിൽ ചിറകുകളുടെ നിഴലിൽ കീഴിൽ ഞങ്ങളെ മറച്ച്, ഞങ്ങളോട് കരുണ ചെയ്യണമേ.

സകലവും കേൾക്കുന്നവനേ! നിന്റെ കരുണയാൽ നിന്റെ ദാസരുടെ അപേക്ഷ നീ കേൾക്കണമേ.

മഹത്ത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ മിശിഹാ! നിരപ്പുനിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു നീ തരണമേ.

ഞങ്ങളുടെ കണ്ണുകൾ നിന്റെ അടുക്കലേയ്ക്ക് ഉയർത്തിയിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച് ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണചെയ്യണമേ.

കർത്താവേ! നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ

നിൽക്കണമേ. നിന്റെ സ്ലീബാ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിന്റെ വലതുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമേ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നീ ഉണ്ടാക്കണമേ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ ദൈവമേ! ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണചെയ്യണമേ.

കൗമാ

(ക്രോബേന്മാരുടെ സ്തുതി)

ഹസ്കീയേൽ 3:12

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നും എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.
ണവിശുദ്ധിയും മഹത്വമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമേ.
കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നും എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.
ണവിശുദ്ധിയും മഹത്വമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമേ.
കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നും എന്നന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.
ണവിശുദ്ധിയും മഹത്വമുള്ള ത്രിത്വമേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ.

നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനുമാകുന്നു.
നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനുമാകുന്നു.
നീ എന്നേക്കും വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു.
ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി.
ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി.

എന്നേക്കും ഞങ്ങളുടെ ശരണവുമേ! നിനക്കു സ്തുതി.

ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........

## വിശ്വാസ പ്രാമാണം

പട്ടക്കാരൻ: സർവശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും.............

ശുശ്രൂഷകൻ: കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യേക ദൈവത്തിൽ (ഞങ്ങൾ വിശ്വസിക്കുന്നു).

ദൈവത്തിന്റെ ഏക പുത്രനും, സർവലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും,( പകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോടു ഒന്നായിരിക്കുന്നവനും, താൻമൂലം സകലവും ഉളവായവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുമനസ്സായ പ്രാകരം ണസ്വർഗത്തിൽ നിന്നിറങ്ങി, പരിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്ന് ണശരീരിയായിത്തീർന്നു മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി ണകുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടത അനുഭവിച്ചു മരിച്ച്, അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു സ്വർഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്ത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിനു അവസാ

നമില്ലാത്തവനുമായ യേശുമ്ശീഹാ ആയ ഏക കർത്താവിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ളീഹന്മാരും മുഖാന്തരും സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും, ശ്ളൈഹികവുമായ ഏക വിശുദ്ധ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമാകുന്നു എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ്, മരിച്ചുപോയവരുടെ ഉയിർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കി പാർക്കുന്നു.

ജനം: ആമ്മീൻ

ശുശ്രൂഷകൻ: ബാറെക്മോർ, സ്തൗമെൻകാലോസ്

ജനം: കുറിയേലായിസോൻ

## ധൂപ പ്രാർത്ഥനകൾ (കുക്കിലിയോനുകൾ)

1. ബസ്മൽക്കോ (ദൈവമാതാവ്)

നിന്നാൾ സ്തുതിയൊടു രാജമകൾ- ഹാലേ........ഉ-ഹാലേ........
നിൻ വലമായ് രാജ ഭാമിനിയും.
നിന്നഴകരചൻ മോഹിപ്പാൻ-ഹാലേ........വ്ഹാലേ........
നിൻ ജനമോർക്കായ്ക പിതൃഗൃഹവും-

*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

എക്ബോ
(മോർ അപ്രേം)

ഭക്തർ പുകഴ്ചാ ഭാജനമേ!
നിന്നിലുദിച്ചോരേക സുതൻ
തൃക്കരൾ ഞങ്ങളലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം-സ്തൗമെൻ കുറിയേലായിസ്സോൻ

കോലോകൾ
(ഹൌറീശു മാലാഖ)

മന്നമകൾക്കായി ശ്ലോമ്മോ
വന്നേകി ദൂതവരൻ
നിന്നൊടുകൂടെൻ നാഥൻ
നിന്നിൽ ത-ന്നുദയമതും-ബാറെക്മോർ
ശൂബ്ഹോ....

അഖില ജഗൽപതിയേ നായക-
നായേറ്റി ഘോഷിച്ച-
ങ്ങതി ബഹുമാനിച്ചു മറിയാം
വലുതാം പടവായ്താൻ മൊറിയോ...........

(വേറൊരു കോലോ)

**ദുക്റോനെദുമറിയം**

ദൈവത്തിൻ മാതാ-മറിയാമിന്നും നിബിയ-
ന്മാർക്കും ശ്ലീ-ഹന്മാ-ർക്കും നൽ സഹദേ-ന്മാർക്കും
സഭയിൽ മക്കൾക്കൊ-ക്കെയ്ക്കും കാലം തോറും
എന്നേയ്ക്കും നല്ലോ-രോർമ്മയുണ്ടാ-കട്ടെ-
ബാറെക്മോർ ശുബഹോ.....

തിരുവുള്ളത്താൽ ക-ന്യകയാം മറിയാ-മ്മിന്നുൾ
ജാതനതായ് ജാതി-ക്കാരെ വഴി നേ-രാക്കി
രക്ഷിച്ചവൾ തന്നോ-ർമ്മക്കൗന്നത്യം ചേർത്ത
സുതനായ് സ്തോ-ത്രം പ്രാ-ർത്ഥിക്കട്ടവൾ ഞ-ങ്ങൾക്കായ്

മൊറിയോ

**അല്ലെങ്കിൽ (വേറൊരു കോലോ)**

**ദുക്റോനെദുമറിയം**

മറിയാമിന്നോർമ്മ-വാഴ്വായ്തീരണമേ
അവൾതൻ യാചനകൾ-കോട്ടയതാകട്ടെ
ബാറെക്മോർ ശുബ്ഹോ........

ദൈവസുതൻ ജനനീ-കന്യകമറിയാമി-
നോയാർ മുഴുവനിലും-പരിമളമേകുന്നു മൊറിയോ...

ബോവൂസൊ **(മോർ അപ്രേം)**

**(ബസലീബൊക് മോറാനേശു**

മോറാനേശു! കുരിശും നിൻ
മാതൃജനത്തിൻ പ്രാർത്ഥനയും
അടികളെയും നിൻ കോപത്തിൻ
വടികളേയും മായ്ച്ചീടേണം

**അല്ലെങ്കിൽ**

**(മോർ അപ്രേം)**

നിർത്തീടരുതേ ശുദ്ധിമതി!
ഞങ്ങൾക്കായുള്ളർത്ഥനയെ
ഞങ്ങളിലാർദ്രത തോന്നീടാൻ
ഏകാത്മജനോടർത്ഥിക്ക

2. സീദീഖോ(പരിശുദ്ധന്മാർ)

നയവാൻ പനപോലെ തളിർത്തിടുമേ-ഹാലേലുയ്യാ
വളരുമവൻ ലെബനോന്റെ കാരകിൽ പോൽ.
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ- ഹാലേലുയ്യാ
വർദ്ധിക്കുമവർക്കു തുഷ്ടി-പുഷ്ടികളും-
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

എക്ബോ **(മോർ അപ്രേം)**

ഒരുപോലിങ്ങും (മോർ തോമാ)
ഉണ്ടേമേലും നിന്നോർമ്മ
ഉതകണമേനിൻ പ്രാർത്ഥന നിൻ
ഓർമയെ ബഹുമാനിച്ചോർക്കായ്
സ്തൌമെൻ.....കുറിയേലായിസോൻ

**കോലോകൾ**

**(ഹോ ഏദോനോലസലൂസോ)**

പ്രാർത്ഥനയിൽ സമയമിതല്ലോ മോർ തോമാ
പതിവിൻപടി നിൻ* കൂട്ടത്തലയായ് പ്രാർത്ഥിക്ക
ഇമ്പമെഴും നിൻ പാട്ടിൽ ശ്രദ്ധിച്ചീടും നിൻ
ആടുകളെ മുശേപ്പോൽ തൃക്കൈ വാഴ്ത്തേണം
ശൂബ്ഹോ........ ബാറെക്മോർ

നിന്നെവരിച്ചൊരു താതന്നും (മോർ തോമ്മാ)
നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം
നിന്നെ മൂടി ചൂടീടുന്ന റൂഹാവന്ദ്യൻ
നിൻ പ്രാർത്ഥനകൃപയേറ്റട്ടെ ഞങ്ങൾക്കെന്നും
മൊറിയോ......

(വേറൊരു കോലോ)

തുബോലൻബീയേ

ഭാഗ്യം നിബിയർക്കും-ഭാഗ്യം ശ്ലീഹർക്കും

ഭാഗ്യം സഹദേർക്കും-പുനരുത്ഥാന ദിനേ
ബാറെക്മോർ ശുബ്ഹോ.........

മശിഹായെക്കാണ്മാൻ കാംക്ഷിച്ചൊരു സഹദേർ
വാളാൽ ചിറകുകൾ പൂണ്ടുന്നതപദമേറി
മൊറിയോറാഹേം

**ബോവൂസൊ (മോർ അപ്രേം)**

(ആപ്പീസ് ആമാൻ കാദീശേ)

പരിശുദ്ധന്മാരേ! നിങ്ങൾ
പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളേയും മായിച്ചീടാൻ

3. സ്ലീബാ

**(ബോക്കിനുദാക്കർ)**

വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ-ഹാ
ദ്വേഷികളെ മെതിച്ചീടും നിൻ-നാമത്തിൽ
വൈരികളിൽ നിന്നും കാത്തെങ്ങളെ നീ-ഹാ
ശത്രുക്കളെ ല-ജ്ജിപ്പിച്ചു ബാറെക്മോർ
ശുബ്ഹോ.........മെൻഓലം........

എക്ബോ

**(സ്ലീബോസ്ക്കോ സ്ലീബോസോക്കേ)**

സ്ലീബാ വിദ്വേഷിയെ വെന്നു-
സ്ലീബായേ സാക്ഷിച്ചോർക്കായ്
സ്ലീബായാകട്ടെ കോട്ട
സ്തൌമെൻ കാലോസ്........കുറിയേലായിസോൻ

കോലോകൾ

**(ബത്ലോസ് ശോയിൻ)**

മൂന്നാംമണിയിലുമെന്നേരത്തും വന്ദിക്കുന്നു - ജീവ സ്ലീബായെ
നെറ്റിയിലതിനെ റൂശ്മാ ചെയ്യുന്നതു ഞങ്ങൾ - ക്ഷഭയം സങ്കേതം
രാവും പകലും ദുഷ്ടനെയും-സൈന്യ-ത്തെയും
പായിച്ചതു കാത്തിടുന്നു. ബാറെക്മോർ ശുബ്ഹോ.....

വിഭജിച്ചാഴിയെ സൈന്യസമക്ഷം വടിയാൽമൂശാ ഗതരായിസ്രയേൽ
കർത്താവേശു സ്ലീബായാലേ ശീയോളുതുറ-ന്നാ-മൃതരേയേറ്റി
കബറിൽ നിന്നും-പറുദീസ്സേറും ജീ-വിതമാം വഴി കാട്ടിയ മിശിഹാ ധന്യൻ

**കോലോകൾ**

**(മെൻറൂമിമ്ദീനാസൂമൽക്കേ)**

സ്ലീബായെ വന്ദിപ്പാനായ്-ഹേലേനീ രാജ്ഞി
ന്റുപട്ടണമാം റോമായിൽ നിന്നേറുശലേമാർന്നു
യൂദന്മാരെ-കൂട്ടിച്ചൊന്നേവം!
കാണിച്ചിടുവിൻ-സ്ലീബാവച്ചൊരിടം
ഞങ്ങൾക്കുണ്ടൊരു പ്രമുഖൻ, നീ-യവനോടാരാഞ്ഞാൽ
മശിഹാതൻ സ്ലീബായമരും സ്ഥാനം കാണിക്കും
ഹാലേലുയ്യാ എന്നവരുരചെയ്തു. ബാറെക്മോർ.
ശുബഹോ....ഹാലേലുയ്യാ

അമ്മാനുവേൽ ദേവേശൻ-തരുവിൻ തൂങ്ങി
ഈൽശാദായ് തനയൻ വീരൻ-തലതാഴ്ത്തിമരിച്ചു.
ആത്മംമാത്രം-തരുവിൽ കൈവിട്ടു
നിജസാരാംശം മേനിയിൽ നിവസിച്ചു

വേർപെട്ടാൻ നിസ്സാരമതാം മാനുഷമാം ജീവൻ
വിലപിച്ചീടട്ടുന്നതനെ-ക്രൂശിച്ചോർ യൂദർ
ഹാലേലുയ്യാ-കഷ്ടമവർക്കെന്നും

കോലോകൾ

**(ലോ ദൊഹലീനാൻ മെൻബീശോ)**

നാഥൻ കൂട്ടായുള്ള-തിനാൽ
ദുഷ്ടനെ നാം-പേടിക്കില്ല
തൻ ദിവ്യായുധധാരി-കളാം
നമ്മൾക്കുന്നതിയുണ്ടാകും ബാറെക്മോർ
ശൂബഹോ..........
സ്ലീബായേ തോളിൽ താ-ങ്ങി
സീയോനിൽനിന്നും പോയാൻ
മൃതർതന്നസ്ഥികളി-ൻമീതെ
ചൊരിയട്ടേ-കരുണപ്പനിനീർ

മൊറിയോറാഹേം.......

ബോവൂസൊ

**(ശുബ്ഹോലയോശു ഹവ്ദെസ്ത് ലേബ്)**

യേരുശലേം ഗോഗുൽത്തായിൽ
ക്രൂശിതനാമീശോ സ്തോത്രം
പാറപിളർന്നു തൻധ്വനിയാൽ
മൃതരേറി സ്തോത്രം പാടി

**4. ആചാര്യന്മാർ**

***കൊഹെനെക് നെൽബ്ശൂൻ***

ചാർത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെനിൻ നയവാന്മാരും ഹാലേലൂയ്യാ-വ്ഹാലേലൂയ്യാ
നിന്നഭിഷിക്തമുഖം തിരിപ്പിക്കല്ലെ
നിൻ ദാസൻ ദാവീദിൻ മൂലം
നിൻ പുത്രൻമാർ കാത്തിടുമെങ്കിൽ ഹാലേ......വ്ഹാലേലുയ്യാ
എൻ നിയമത്തേയും ഞാനുപദേശിച്ചീടുമീ സാക്ഷിയെയും
ശുബഹോ........മെൻഓലം -ബാറെക്മോർ

എക്ബോ **(മോർ അപ്രേം)**

റെഗിലേദദറകുബെസ്ക്കുദിശോ
ശുചിയൊടു ശുദ്ധ്യാ ബെസ്കുദിശാ
സ്പർശിച്ചുള്ള പ്പാദങ്ങൾ
പൂക്കുദ്യാന ദ്വാരങ്ങൾ
വാനവരൊത്തു വസിക്കേണം
സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ

(കോലോകൾ)

ദൈവം സൃഷ്ടിച്ചാദത്തെ
സ്രഷ്ടാവൊടു തുല്യം സൃഷ്ടി-
യായ് മണ്മയനുദ്യാനത്തിൽ
തരുനിരയിൽ പോയ് വന്നീടു-
ന്നതു കാണ്മനുള്ളാനന്ദം
സൂക്ഷിച്ചും കൊണ്ടേ മേവി
കൂ-റുന്നീറേന്മാർ-മണ്ണിനുയർച്ചയിലാശ്ചര്യം-

ബാറെക്മോർ. ശുബ്ഹോ.....

ആദ്യാചാര്യത്വം കൈക്ക
ണ്ടഹറോൻ മൂശയോടൊന്നിച്ച്
സ്ക്കറിയായ്ക്കതു നല്കി മൂശ
സ്ക്കറിയാ യോഹന്നാനേകി
യോഹന്നാൻ കർത്താവിന്നും
കർത്താ-തൻ ശ്ലീഹന്മാർക്കും
നാ-നാസ്യഷ്ടിവിഭാ-ഗങ്ങൾക്കേകി ശ്ലീഹന്മാർ

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

(വേറൊരു കോലോ)

**(ല്കൊഹനേ ദബഹൂബേദൂമോറാൻ)**

പരനിൽ ഭക്ത്യാ- മദ്ബഹായിൽ
പരിചരിച്ചെന്നാചാര്യന്മാരെ
പരമാനന്ദാ ലോകത്തിൽ
പരിചോടീറേർ ചേർക്കട്ടെ-ബാറെക്മോർ.
ശുബ്ഹോ.....
മറന്നീടല്ലേ സൂനു നാഥാ
ശുശ്രൂഷകരാം വൈദികരെ
ഉയിർപ്പിൻ വലിയാരു നാ-ളിങ്കൽ
അവർക്കേകണമെ മുഖകാ-ന്തി മൊറിയോ........

**(വോറൊന്ന്)**

**(ആത്മൊറിയോ ഹാസൊലകൊഹനൈക്)**

**(മോചനമാചാര്യർക്കേകുക-ഹാലേലൂയ്യാ)**

ദ-യറാകൾ പള്ളികളിലായുഷ്ക്കാലം
പരികർമ്മിച്ചാ-കഹനേന്മാർ, ശെമ്മാ-ശന്മാരും
നിൻ പാവനത്രോണോസിൽ തനുരുധിരങ്ങൾ
മോചനമെഴുവാൻ-കൈകളിലാഘോഷി-ച്ചവരുടെയാ
കടഭാരം-തിരുമെയ്യാൽ നീക്കി,
പോക്കണമേ-പാപം രുധിരത്താൽ
പാടീടും നാഥാ സ്തുതിയെന്നവർനിൻ-വലഭാഗേ
ബാറെക്മോർ. ശുബ്ഹോ......ഹാലേലൂയ്യാ.

ശ്ലീഹർ തൻ തലവൻ ശീമോനോടായ് നാഥൻ
കഹനൂസായെ പ്രതിചൊന്നാ വചന-മതിരമ്യം
നി-ന്നെ ഞാനെൻ കാര്യസ്ഥാനത്താക്കി
ബന്ധനമോചന താക്കോൽകൾ നിൻക-യ്യിൽ നൽകി
നീ ബന്ധി-ച്ചാൽ ഞാനും ബന്ധിക്കും
നീ അഴിച്ചാൽ ഞാനുമഴിച്ചീടും
പാപികൾക്കായ് നീ അർത്ഥിച്ചാൽ ഉത്തരമരുളും ഞാൻ
മൊറിയോ.........

ബോവൂസൊ, (മോർ യാക്കോബ്)

ആചാര്യേശാ! മശിഹാകുദാ-ശകളർപ്പിച്ചോ
രാച്യാന്മാർക്കേകുക പുണ്യം-നാഥാ! സ്തോത്രം-

**ഹൂത്തോമോ**

സ്ളീബാ സ്ഗീദോ

(പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്ന് കൈമുത്തിച്ചു കൊണ്ട് ചൊല്ലുന്നു.)

## ക്യംതാ രാത്രി പ്രാർത്ഥന

### പ്രാരംഭ സ്തുതി

*പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ,*
തനിക്കു സ്തുതി. നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

*ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട് നിറഞ്ഞിരിക്കുന്ന* ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

*ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ* വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു; ഉയരങ്ങളിൽ സ്തുതി.

### കൗമാ - ത്രൈശുദ്ധ കീർത്തനം

*ദൈവമേ! നീ പരിശുദ്ധനാകുന്നു.*
ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ! ണ
ഞങ്ങളുടെ മേൽ കരുണയുണ്ടാവണമേ
*ദൈവമേ! നീ പരിശുദ്ധനാകുന്നു ..........*
*ദൈവമേ! നീ പരിശുദ്ധനാകുന്നു .............*

*ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ.* ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

*ദൈവമേ! നിനക്കു സ്തുതി.* സ്രഷ്ടാവേ! നിനക്കു സ്തുതി. നിന്റെ ദാസരായ പാപികളോട് കരുണ ചെയ്യുന്ന മിശിഹാരാജാവേ! നിനക്കു സ്തുതി. ബാറെക്മോർ

**മോറാനായ പ്രാർത്ഥന = കർത്തൃപ്രാർത്ഥന**

(വി. മത്തായി 6 : 9 14)

*സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ!* നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്ക് ആവശ്യമായിരിക്കുന്ന ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്ത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

ദൈവമാതാവിനോടുള്ള അപേക്ഷ (എല്ലാ കൗമകളിലും നിർബന്ധമല്ല)
(വി.ലൂക്കോസ് 1:28,42,48)

*കൃപനിറഞ്ഞ മറിയമേ! നിനക്കു സമാധാനം.* ഞങ്ങളുടെ കർത്താവു നിന്നോടുകൂടെ. സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ വിശുദ്ധ കന്യക [3]മൊർത്ത്മറിയമേ! ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചുകൊള്ളണമേ. ആമ്മീൻ.

പട്ടക്കാരൻ: ശുബ്ഹോ.......

ജനം: ബലഹീനരും പാപികളുമായ നമ്മുടെമേൽ കരുണയും മനോഗുണവും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമെ. ആമ്മീൻ.

# പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവുള്ളവനായ എന്റെ കർത്താവേ! നിന്റെ ഉണർവിനെ സ്തോത്രം ചെയ്യുവാനായിട്ടു പാപമുഴുകലിൽ നിന്നു ഞങ്ങളുടെ ഉറക്കത്തെ ഉണർത്തണമേ. മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ കരുണയെ വന്ദിപ്പാനായിട്ടു മരണത്തിന്റെയും നാശത്തിന്റെയും ഉറക്കത്തിൽ നിന്നു ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കണമെ. പിതാവും പുത്രനും പിശുദ്ധ റൂഹായുമേ! സ്വർഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ ആകയാൽ, നിന്നെ സ്തുതിക്കുന്ന സ്വർഗ്ഗീയ മാലാഖമാരുടെ മഹത്ത്വമുള്ള വൃന്ദങ്ങളോടൊരുമിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എല്ലായ്പ്പോഴും എന്നേയ്ക്കും നിന്നെ സ്തുതിച്ചു വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.

133,118,116 മസ്മൂർകൾ (വിശുദ്ധ ഗ്രന്ഥം)

ബാറെക്മോർ രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി കർത്താവിന്റെ സകല ദാസന്മാരുമേ! നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ.

ബാറെക്മോർ, നിങ്ങൾ നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും.

(118:169-176) കർത്താവേ! എന്റെ സ്തുതി തിരുമുമ്പാകെ പ്രവേശിക്കട്ടെ; തിരുവചനത്താൽ എന്നെ ജീവിപ്പിക്കണമെ. എന്റെ അപേക്ഷ തിരുമുമ്പാകെ പ്രവേശിക്കട്ടെ; തിരുവചനത്താൽ എന്നെ രക്ഷിക്കണമെ

നിന്റെ പ്രമാണങ്ങളെല്ലാം നീതിയുള്ളവയാകകൊണ്ട് എന്റെ നാവു തിരുവചനം ഉച്ചരിക്കും.

നിന്റെ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കുമ്പോൾ എന്റെ അധരങ്ങൾ നിനക്ക് സ്തുതി പ്രസ്താവിക്കും.

നിന്റെ പ്രമാണങ്ങളിൽ ഞാൻ ഇഷ്ടപ്പെട്ടതുകൊണ്ടു തൃക്കൈ എന്നെ സഹായിക്കണമെ.

എന്റെ ആത്മാവു നിന്റെ രക്ഷയ്ക്കായിട്ട് കാത്തിരുന്നു. നിന്റെ വേദപ്രമാണം ഞാൻ ധ്യാനിക്കുകയും ചെയ്തു.

എന്റെ ആത്മാവു ജീവനോടിരുന്ന് നിന്നെ സ്തുതിക്കട്ടെ. നിന്റെ ന്യായവിധി എന്നെ സഹായിക്കയും ചെയ്യട്ടെ.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റപ്പോയി. നിന്റെ പ്രമാണങ്ങൾ ഞാൻ മറക്കായ്കകൊണ്ടു ഈ നിന്റെ ദാസനെ അന്വേഷിക്കണമെ.

(116) സകലജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! തന്നെ മഹത്വപ്പെടുത്തുവിൻ.

എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു. താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## എനിയോനോ

*( എത്ത്യിർ ഹാത്തോയോ എന്ന രീതി)*

നമ്മുടെ രക്ഷകനാ-
ക്കബറീന്നുയിർ പൂണ്ടി-
ങ്ങേറ്റൊരു രാവിൽ
നാമെല്ലാരു മുറക്കമുണർ-
ന്നൊന്നായ് സ്തുതിപാടീടേണം.

ഞായർ ദിവസമതിൽ
ദൈവസുതൻ കബറി-
ന്നുള്ളീന്നേറ്റു,
സ്തുതി സകലാധിപനെന്നേവം
സഭയും മക്കളുമാർക്കുന്നു.

മൂന്നാം നാൾമൃതരീ-
ന്നുയിർ പൂണ്ടേറ്റവനാം
മ്ശീഹാ പാപ-
ക്കുഴിയിൽ നിന്നും മരണത്തിൽ-
നിന്നും ഞങ്ങളെയേറ്റേണം

യൗനാൻ തൻ സാദ്യ-
ശ്യം പോൽ മുപ്പകലും
രാവും ഭൂ-വി
ന്നുൾ മേവിത്താൻ മൂന്നാം നാൾ
ജീവിച്ചുയിർത്തെഴുന്നേറ്റു. ബാറെക്മോർ.
പട്ടക്കാരൻ: ശുബ്ഹോ.........
ജയവീര്യത്തോടാ-
ക്കബറീന്നേറ്റവനാം
അപ്രത്യക്ഷൻ
തന്നാദ്യന്തവീഹീനസുത-
ന്നായി സ്തുതി നാമേറ്റേണം
കുറിയേലായിസോൻ.കുറിയേലായിസോൻ.
കുറിയേലായിസോൻ.

**ഒന്നാം കൗമാ**

എക്ബോ

**(ആബോക്സബ്വോ-എന്ന രീതി)**

നാഥാ! സഭയെ ക്യംതായാൽ
മോദിപ്പിച്ചോനേ! സ്തോത്രം
സ്തൗമെൻകാലോസ്........

പ്രുമിയോൻ

**കോലോ**

**(ദഹ്ത്തോലോനെഹ്ത്തേ)**

വിണ്ണുലകിന്നരചൻ താൻ
തൻസഭയേപ്പണിതതിനെ
ആക്കിത്തന്നാസ്ഥാനം
പുക്കതിനുള്ളേ വാണു.
കർത്താ തന്നോടു സംസാ-
രിക്കേണ്ടുന്നവരെല്ലാം
സഭയുൾപൂകട്ടെയിതാ
താനതിൽ മേവീടുന്നു.
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
സഭയെ വളർത്തുന്നവനേ!
കൃപചെയ്തീടടിയാരിൽ.
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

മശിഹാ തൻ മണവാട്ടി
ആയിടും ശുദ്ധസഭ
ഭാഗ്യങ്ങൾ പൂർണമതാം
പറുദീസാ സദൃശമഹോ
മമോദീസായുമതിൽ
സഹദേർ തന്നസ്ഥികളും
പൂജാ പീഠവുമുണ്ട്
ഏന്തിജ്ജീവോഷധിയെ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
ഭാഗം ചെയ്തേകീടും
കഹനേന്മാർകളുമുണ്ട്.

**മറ്റൊരു കോലോ**

**( ആബോക്സബ്വൊ)**

രക്ഷാകരനേ നിന്റെ മുഖം
കാണ്മതിനു വിരോധിക്കല്ലേ.
നിന്നുത്ഥാനം ക-
ണ്ടാസ്ത്രീവർഗത്തോ-
ടടിയാർ മണവറയുള്ളിൽ പൂ-
ക്കാനന്ദിപ്പാറാകേണം.
ശാപപ്പെട്ടാ യൂദന്മാർ
ആണികൾ വീക്കിയ തൃക്കൈകൾ
കടമാകും കടലീ-
ന്നടിയാരെക്കേറ്റി
നിന്ദ്യത്തിന്മക്കുപത്തിൽ
നിന്നിങ്ങു വലിച്ചീടേണം.
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
ചിന്തപ്പെട്ടാനിൻ രക്തം
ഞങ്ങടെ കറകൾ തുടച്ചെല്ലാം
നിൻ തിരുമേനി പൊറു-
പ്പിച്ചിമുറിവുകളെ
സ്കീപ്പാമേൽ വേറായാനി-
ന്നുയിരടിയാരേ ചേർക്കേണം. മൊറിയോ.......

മോർ യാക്കോബിന്റെ ബോവൂസൊ

ഉത്ഥാനത്താൽ തൻ സഭയെ വീണ്ടോനാം പുത്രാ!
നിൻശൈനോ നല്കിത്തൻ പ്രജയെ കാക്കേണം നീ
ദൂതവ്യൂഹം മന്നനുമാനം നൽകാനെത്തി
ഗബ്രിയേല്യർ രക്ഷകസവിധം കാഹളമൂതി
തിരുവുള്ളത്താൽ നിദ്രാവശനായെഴുനേറ്റോനാം
ഉണർവുള്ളോനേ ക്കാണാൻ വാനവൃന്ദം താണു.
ഞങ്ങൾക്കായി പീഡാമരണം കൈക്കൊണ്ടേറ്റ
ദീപ്ത്യാ ജീവൻ പ്രാപിച്ചോനേ സ്തോത്രമരൂപി!
താതൻ റൂഹായെന്നിവരൊപ്പം രക്ഷകാ! നിന്നെ
ജീവിപ്പോരും മൃതരും വാഴ്ത്തും കൃപചെയ്യേണം
വിൺമൺപോകർക്കൈക്യം നല്കീടും ശൈനോനി-
ന്നുത്ഥാനത്താൽ നിൻസഭയിൽ ശൈനോ നൽകേണം.

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്ന് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. (ഇത്യാദി) സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! (ഇത്യാദി)

എക്ബോ

**(സ്ളേക്ക്ലസ്ലീബോ എന്ന രീതി)**

വാ-ഗ്ദാനംപോൽ ജീവൻ പൂണ്ടവരേയും
മോ-ദിപ്പിച്ചോൻ മ്ശീഹാനാ-ഥൻ ധന്യൻ
സ്തൗമെൻകാലോസ്.........

# പ്രുമിയോൻ

## കോലോ

**( ല്മൽകൂസ് റൌമ്മ )**

ക്രൂ-ശിൽതൂക്കി-
ച്ചാ സെഹ്യോനേ നീ-
ക്കിയ മ്ശീഹാ സ്തുത്യൻ
സഭയേ ഒത്തു വിവാഹം താൻ
സഭതന്നെ സ്തുതി ചെയ്തേറ്റം
എത്തിജ്ജാതിളെല്ലാ ദേ-
ശത്തീന്നും സ്തുതിപാടിത്ത-
ന്നുത്ഥാനത്തിൽ മോദിക്കുന്നു. ബാറെക്മോർ
പട്ടക്കാരൻ: ശൂബ്ഹോ.........
വെള്ളങ്കിക്കാ-
രാം പ്രഭ പൂണ്ടോരെ
ക്കബറിനടുക്കൽക്കാ-
വൽക്കാർ കണ്ടിട്ടങ്ങോടി
കണ്ടാലും മുദ്രക്കല്ലാൽ
മൂടിയവൻ കബറിൽ നിങ്ങൾ
മിന്നൽക്കൊപ്പം നിൽക്കുന്നു
എന്നും ചൊല്ലിപ്പൂക്കൂർശ്ളേമിൽ.
മൊറിയോ.......

## മോർ അപ്രേമിന്റെ ബോവൂസൊ

ഞങ്ങൾ തൻ കർത്താവേ! നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
സ്വാതന്ത്ര്യം ഞങ്ങൾക്കുത്ഥാ-
നത്താൽ തന്നോനാം പുത്രാ!
ഇപ്പെരുന്നാളിൽ കർത്താവേ!
നിൻകോപത്തെ നീക്കേണം
ഇപ്പെരുന്നാളിൽ കർത്താവേ!
നിർമലരാകേണം ഞങ്ങൾ
ഇപ്പെരുന്നാളിൽ കർത്താവേ!
തരണം ഞങ്ങൾക്കുൾവെണ്മ
സ്തുതി പെരുനാൾകൾക്കീശന്നും
മുടിയവയെ ചൂടുന്നോനും.
ശുദ്ധികൾ നാഥാ! ശുദ്ധാ നീ-
ന്നൊടു താതന്നും റൂഹായ്ക്കും
ഹാലേലുയ്യാ പാടാൻ ഞ-
ങ്ങൾക്കേകീടേണം ശുദ്ധി.
അടിയാരേയുത്ഥാനത്താൽ
രക്ഷിച്ചോനാം മ്ശീഹാ! നീ
നൽകീടേണം പുണ്യം ഞ-
ങ്ങൾക്കും വാങ്ങിപ്പോയോർക്കും.
ഞങ്ങൾ തൻ കർത്താവേ! നീ
കാരുണ്യം ചെയ് ഞങ്ങൾ മേൽ

സ്വാതന്ത്ര്യം ഞങ്ങൾക്കുത്ഥാ-
നത്താൽ തന്നോനാം പുത്രാ!

**മൂന്നാം കൗമാ**

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്ന് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. (ഇത്യാദി കൗമാ)

**എക്ബോ**

**(ആനീഹ് മെറിയൊല് ആനിദൈൻ)**

കർത്താവേ! നൽകാശ്വാസം
നിൻ സൽഭവനങ്ങൾക്കുള്ളിൽ
വാങ്ങിപ്പോയോർക്കായ്
കൃപയീഞങ്ങൾക്കും
അടിയാർക്കുമവർക്കും പറ്റും
കുറ്റങ്ങൾ മാറ്റീടേണം.
സ്തൗമെൻ.......കുറിയോലായിസോൻ.......

പ്രുമിയോൻ

കോലോ

**( ബ്കുൽമേദം )**

**കർത്താവേയാശ്വാസം നൽക**

ഉത്ഥാനത്തിൻ നാളോളം
താൽക്കാലികമാമിജ്ജീവൻ-
വിട്ടപിതാക്കൾക്കും
ഭ്രാതൃജനങ്ങൾക്കും
കാന്തിയെഴുന്നറകൾക്കുള്ളിൽ
നൽകീടാശ്വാ-സം
അവരെയോർക്കും നാൾ കബറു-
ള്ളസ്ഥികളറിയേ-ണം
നിൻ കൽപന മൺമയരാമാ-
ദാമ്യർക്കുയിരേകീടുമ്പോ-ൾ
കാന്തിയണഞ്ഞിട്ടവർ നിന്നോ-
ടൊപ്പം മണവറയിൽ പൂകി
ഉയിരേകും നിന്നെ
സ്തോത്രം ചെയ്യേ-ണം. ബാറെക്മോർ
പട്ടക്കാരൻ: ശുബ്ഹോ........
ആർക്കായ്ക്കാഴ്ചകളിവിടെയണ-
യ്ക്കുന്നോ ഭാഗ്യമവനേറ്റം
മേൽസ്വർഗത്തിലവ-
നോർമയതുണ്ടാ-കും
ഗോത്രപ്പേരുകളോർമ്മയ്ക്കായ്
കർത്താവിൻ മു-ൻപിൽ
കാണ്മാൻ കല്ലുകളിൽ മൂശ
കൊത്തിയതോർക്കു-മ്പോൾ
നിങ്ങൾ തൻമൃതർ പേരുകളെ
ഓർക്കാനും പള്ളിയിലിവിടെ
എഴുതാനും, മേൽ സ്വർഗത്തിൽ
മ്ശീഹാതൻ വരവിൽ തന്നോ
ടവർ മോദിപ്പാനും
ചേർപ്പിൻ പ്രിസ്താ-യിൽ.
മൊറിയോറാഹേമ്മേലൈനു ആദാറൈൻ.

# മോർ ബാലായിയുടെ ബോവൂസൊ

1. കരുണ നിഞ്ഞവനേ! പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ
2. നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും മൃതരിൽ കനിയണമേ
3. അവരബറാഹാത്തിന്റെയുമിസ്സഹാക്കുടെയും
യാക്കോബിന്നുടെയും മടിയിൽ പാർക്കണമേ.
4. വന്നവനും വരുവോനും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാത്മാക്കൾ പാടണമേ

# നാലാം കൗമാ

ഹാലേലുയ്യാ വ്, ഹാലേലുയ്യാ വ്, ഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി.(മൂന്നു പ്രാവശ്യം)
കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യണമേ.

നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ, ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ, കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗരാജ്യത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ! കൃപ ചെയ്തു സഹായിക്കണമെ.

## പൊതുപ്രുമിയോൻ

മൗർബൊ

(ലൂക്കോസ് 1: 46-55)

മറിയാം പറഞ്ഞു; എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവു എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ താൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടു. ഇതാ ഇപ്പോൾ മുതൽ സർവ്വ തലമുറകളും എന്നെ ഭാഗ്യവതി എന്നു കീർത്തിക്കും.

ശക്തനും തന്റെ നാമം പരിശുദ്ധവുമായിരിക്കുന്നവൻ വലിയ കാര്യങ്ങൾ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനോടു ഭക്തിയുള്ളവരുടെമേൽ തലമുറതലമുറയായും വംശങ്ങളായും ഉണ്ടായിരിക്കും.

അവൻ തന്റെ ഭുജത്താൽ ജയം ഉണ്ടാക്കി; ഹൃദയ ചിന്തയിൽ അഹങ്കരിച്ചവരെ അവൻ ചിതറിച്ചു. അവൻ ശക്തരെ സിംഹാസനങ്ങളിൽ നിന്ന് തള്ളിയിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

വിശന്നിരുന്നവരെ നന്മകൾകൊണ്ട് സംതൃപ്തരാക്കി. സമ്പന്നരെ വ്യർത്ഥമായി അയച്ചു . നമ്മുടെ പിതാക്കന്മാരായ അബ്രഹാമിനോടും എന്നേയ്ക്കും അവന്റെ സന്തതിയോടും സംസാരിച്ച പ്രകാരം അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും തന്റെ കരുണയെ ഓർക്കുകയും ചെയ്തു. ബാറെക്മോർ.

ശുബ്ഹോ........
മെൻഓലം.........

**മാവ്ർബോ ശീലുകൾ**

(തൂബൈക്മറിയം ബസ്ദാവീദ്)

ഹാ!-നിൻഭാഗ്യം ദാവീദിൻ-
മകൾ മറിയാമേ!
ദൈവം നിന്നിൽ നിന്നു ശരീരം പൂണ്ടി-
ട്ടാ-ദാ-മ്യരെ യടിമയൊഴി-
ച്ചെല്ലാം-വീണ്ടു
നി-ബി ശ്ളീഹന്മാർ-
നയവാന്മാർ-
ആചാര്യന്മാർ-ലേവിയരായോരേ!
പ്രാർത്ഥി-പ്പിൻ മ്ശീഹാ കൃപചെയ്-
വാൻ ഞങ്ങ-ളുടെ മേൽ
നിൻ ഗാത്രം ഭക്ഷിച്ചും നിൻ-
രക്തം പാനം-
ചെയ്തും ശരണത്താൽ-മൃതരായോർക്കാ-ശ്വാ-
സ-ത്തോ-ടോർമയുമലിവോടുള-

വാക്കെൻ നാഥാ! ബാറെക്മോർ.
ശുബ്ഹോ-മെൻഓലം
മാ-ലാ-ഖാനാഥാ! നിന്നുടെ
മാതാതാനും,
പരിശുദ്ധന്മാരുമണയ്ക്കും പ്രാർത്ഥ-നയാൽ
ശു-ശ്രൂ-ഷകൾ കൈക്കൊ-
ണ്ടരുൾ ചെ-യ്യേണം. ആമ്മീൻ

## 132-ാം മസ്മൂർ

സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത് എത്ര നന്മയും എത്ര സൗന്ദര്യവുമാകുന്നു.

അത് അഹറോന്റെ തലയിലും അവന്റെ അങ്കിയുടെ നെഞ്ചിൽ വീണു കിടക്കുന്ന താടിയിലും ഒലിക്കുന്ന തൈലം പോലെയും സെഹിയോൻ മലമേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു.

എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനുഗ്രഹത്തെയും ജീവനേയും കൽപ്പിച്ചു.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## എന്യോനോ

ദൈവമാതാവിന് ഓർമ്മയും, അവളുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

ദൈവമാതാവിന് ഓർമ്മയും, അവരുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടെയും, ശ്ളീഹന്മാരുടെയും, സഹദേന്മാരുടെയും പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.

കർത്താവേ! നിന്റെ സഹദേന്മാരുടെ തുറമുഖത്തിനും നിന്റെ സ്നേഹിതന്മാരുടെ കൂടാരങ്ങൾക്കും ഞങ്ങളെ യോഗ്യരാക്കണമെ.

ദയയുള്ളവനും, കരുണനിറഞ്ഞിരിക്കുന്നോനുമായുള്ളോവേ! നിന്റെ ന്യായ വിസ്താര ദിവസത്തിൽ ഞങ്ങളോടു കരുണചെയ്യണമെ.

തന്നെ വിളിക്കുന്ന പാപികളിൽ നിന്നു തന്റെ കരുണ വിരോധിക്കാത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.
ബാറെക്മോർ. ശുബ്ഹോ.......

കർത്താവേ! വിശ്വാസമുള്ള സഭയുടെ മക്കൾക്കു നല്ല ഓർമ്മയുണ്ടാക്കണമേ.
*മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ അവർ നിന്റെ വലതുഭാഗത്തു നിൽക്കുമാറാകണമേ.

## മറ്റൊരു എന്യോനോ

കന്യകയായ ദൈവമാതാവേ! എല്ലാ കാലത്തും എല്ലാ നേരത്തും നിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമേ.

കർത്താവേ! എല്ലാ നാഴികയിലും ഞങ്ങൾക്കായി കെണികൾ വെയ്ക്കുന്ന ദുഷ്ടനെ, നിന്റെ പരിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ ഞങ്ങളിൽ നിന്നു മായിച്ചു കളയണമേ.

ഞങ്ങളുടെ കർത്താവായ യേശുമ്ശീഹാ! നിന്റെ സ്ളീബാ ഞങ്ങൾക്കു കോട്ടയായിരിക്കുകയും, അതിനകത്തു ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമേ.

ദൈവവചനമായ യേശുതമ്പുരാനേ! ജീവനോടിരിക്കുന്നവരെ നിന്റെ സ്ളീബായാൽ കാത്തുകൊള്ളുകയും, മരിച്ചുപോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമേ.

നാം ജീവനോടിരിക്കുന്ന നാൾ ഒക്കെയും, എല്ലായ്പ്പോഴും പിതാവിനെയും, പുത്രനേയും, പരിശുദ്ധൂഹായെയും സ്തുതിച്ചു വന്ദിച്ചു മഹത്ത്വപ്പെടുത്തണം.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ! നീ എഴുന്നെള്ളുന്ന ആ നിന്റെ വലിയ ദിവസത്തിൽ നിന്റെ വലതുഭാഗത്തു ഞങ്ങളെ നിർത്തണമേ.

ഈ സമയത്തു നിനക്കു സ്തുതി പാടുവാൻ ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ടു നിന്റെ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ.

ഞങ്ങളുടെ മരണത്തിന്റെയും ജീവന്റെയും നാഥനായ കർത്താവേ! നിന്റെ കൃപ ഞങ്ങളുടെ മേൽ ഉണ്ടായി, ഞങ്ങളുടെയും ഞങ്ങളുടെ മരിച്ചുപോയവരുടേയും ആത്മാക്കളിന്മേൽ കരുണ ചെയ്യണമേ.

കർത്താവേ! കൃപ ചെയ്തു സഹായിക്കണമേ.

**148, 149, 150 മസ്മൂർകൾ (വിശുദ്ധ ഗ്രന്ഥം)**

**ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ**

(148) ആകാശത്തിൽനിന്നു കർത്താവിനെ സ്തുതിപ്പിൻ; അത്യുന്നതങ്ങളിൽ, തന്നെ സ്തുതിപ്പിൻ.

തന്റെ സകല മാലാഖമാരുമേ! തന്നെ സ്തുതിപ്പിൻ; തന്റെ സകല സൈന്യങ്ങളുമേ തന്നെ സ്തുതിപ്പിൻ;

ആദിത്യ ചന്ദ്രന്മാരെ തന്നെ സുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ! തന്നെ സ്തുതിപ്പിൻ.

ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്കു മീതെയുള്ള വെള്ളവുമെ! തന്നെ സ്തുതിപ്പിൻ; അവ കർത്താവിന്റെ നാമം സ്തുതിക്കട്ടെ!

എന്തെന്നാൽ താൻ അരുളിച്ചെയ്തു; അവ ഉണ്ടായി. താൻ കൽപ്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു.

താൻ എന്നേക്കുമായി അവയെ സ്ഥിരപ്പെടുത്തി. താൻ ഒരു നിയമം നിശ്ചയിച്ചു. അത് അഴിയുന്നതു മല്ല.

ഭൂമിയിൽനിന്നു മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, മഞ്ഞും, ഹിമകണങ്ങളും, തന്റെ വചനപ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും, കൊടുങ്കാറ്റുകളും

പർവ്വതങ്ങളും, സകല മലകളും, ഫലവൃക്ഷങ്ങളും, സകല കാരകിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും, പറവകളും!

ഭൂമിയിലെ രാജാക്കന്മാരും, സകല ന്യായിധപതിമാരും; ശിശുക്കളും, കന്യകകളും, വൃദ്ധന്മാരും, യൗവ്വനക്കാരും, ആയുള്ളോരേ! കർത്താവിനെ സ്തുതിപ്പിൻ; ഇവർ കർത്താവിന്റെ നാമം സ്തുതിക്കട്ടെ.

എന്തെന്നാൽ തന്റെ നാമം മാത്രം വലുതാകുന്നു. തന്റെ മഹത്വം ആകാശത്തിലും ഭൂമിയിലും വ്യാപിച്ചിരിക്കുന്നു.

സ്വജനത്തിന്റെ കൊമ്പിനെയും, തന്റെ സകല നീതിമാന്മാർക്കും സ്വജനമായ ഇസ്രായേൽക്കാർക്കും മഹത്വത്തേയും ഉയർത്തുന്നു.

(149) കർത്താവിനു ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ തന്റെ സ്തുതിയും പാടുവിൻ. ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കയും, സെഹിയോൻ പുത്രന്മാർ അവരുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരതപ്പുകളാലും തന്റെ നാമം സ്തുതിക്കുകയും, വീണകൾ കൊണ്ടു തനിക്കു പാടുകയും ചെയ്യട്ടെ.

എന്തെന്നാൽ കർത്താവു തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. ദരിദ്രന്മാർക്ക് രക്ഷകൊടുക്കുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ പ്രബലപ്പെടും. അവർ സ്വന്ത കട്ടിലുകളിന്മേൽ തന്നെ സ്തുതിക്കയും, അവരുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

വിജാതികൾക്കു പ്രതിക്രിയയും, സ്വജനത്തിനു ശിക്ഷയും ചെയ്യാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, മാന്യന്മാരെ ഇരുമ്പു ചങ്ങല കൊണ്ടും ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, സകല നീതിമാന്മാർക്കും മഹത്ത്വം ഉണ്ടാകുവാനുമായിട്ട് അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

(150) കർത്താവിനെ വിശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ; തന്റെ ശക്തിയുടെ ആകാശത്തട്ടിൽ തന്നെ സ്തുതിപ്പിൻ.

തന്റെ വല്ലഭത്വത്തിൽ തന്നെ സ്തുതിപ്പിൻ. തന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ തന്നെ സ്തുതിപ്പിൻ. കാഹള ശബ്ദത്താൽ തന്നെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും തന്നെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരതപ്പുകളാലും തന്നെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ തന്നെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ തന്നെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും തന്നെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

(116) സകലജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ! തന്നെ മഹത്വപ്പെടുത്തുവിൻ.

എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു. താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## ധൂപ പ്രാർത്ഥനകൾ (കുക്കിലിയോനുകൾ)

1. ദൈവമാതാവ് (ബസ്മൽക്കോ)

നിന്നാൾ സ്തുതിയൊടു രാജമകൾ-ഹാ-ഹാ
നിൻവഭാ-ഗേ-രാജഭാമിനിയും
നിന്നഴകരചൻ മോഹിപ്പാൻ-ഹാ-ഹാ
നിൻജനമോർക്കായ്ക പിതൃഗൃഹവും,
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

എക്ബോ മോർ അപ്രേം

ഭക്തർ പുകഴ്ച ഭാജനമേ!
നിന്നിലുദിച്ചോരേക സുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം
സ്തൗമെൻ-കുറിയേലായിസോൻ
കോലോ

**(ല്മറിയം യൊൽദാസ്)**

ദൈവത്തിൻ മാതാ-മറിയാമിന്നും നിബിയ-
ന്മാർക്കും ശ്ലീഹന്മാർക്കും നൽസഹദേന്മാർക്കും
സഭയിൽ മക്കൾക്കൊ-ക്കെയ്ക്കും കാലം തോറും
എന്നേക്കും നല്ലോ-രോർമ്മയതുണ്ടാകട്ടെ
ബാറെക്മോർ-ശുബ്ഹോ.......
തിരുവുള്ളത്താൽ ക-ന്യകയാം മറിയാമിന്നുൾ
ജാതനതായ് ജാതി-ക്കാരോ വഴി നേരാക്കി
രക്ഷിച്ചവൾ തന്നോർ-മ്മയ്ക്കൗന്നത്യം ചേർത്ത-
സുതന്നായ് സ്തോത്രം, പ്രാർഥിക്കട്ടവൾ ഞങ്ങൾക്കായ്

2. പരിശുദ്ധന്മാർ (സാദീഖോ)

പുണ്യവാൻ പനപോലെ തളിർത്തിടുമേ-ഹാ
വളരുമവൻ ലബനോൻ കാരകിൽ പോൽ
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ-ഹാ
വർദ്ധിക്കുമവർക്കു തുഷ്ടിപുഷ്ടികളും. ബാറെക്മോർ
ശുബ്ഹോ.....മെൻഓലം
എക്ബോ മോർ അപ്രേം

ഒരുപോലിങ്ങും (മോർ തോമാ)
ഉണ്ടേമേലും നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ-
ഓർമ്മയെ ബഹുമാനിച്ചോർക്കായ്
സ്തൗമെൻ.....കുറിയേലായിസോൻ

**കോലോ**

**(ഹോ ഏദൈനോലസ്ലൂസോ)**

പ്രാർതഥനയിൽ സമയമിതല്ലോ (മോർ തോമാ)
പതിവിൻപടി നിൻ കുട്ടത്തലയായ് പ്രാർത്ഥിക്ക
ഇമ്പമെഴും നിൻപാട്ടിൽ ശ്രദ്ധിച്ചീടും നിൻ
ആടുകളെ മൂശേപ്പോൽ തൃക്കൈ വാഴ്ത്തേണം
ബാറെക്മോർ. ശുബ്ഹോ........

നിന്നെ വരിച്ചൊരു താതനും (മോർ തോമാ)
നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം
നിന്നെമുടി ചൂടീടുന്ന റൂഹാവന്ദ്യൻ
നിൻ പ്രാർത്ഥന കൃപയേറ്റട്ടെ ഞങ്ങൾക്കെന്നും

3. പരേതർ (അക്ദമ്റാഹേം)

മക്കളിലപ്പൻ കൃപചെയ്വതുപോലെ-ഹാ
ഭക്തന്മാരിൽ ദൈവം കൃപചെയ്യും
പുല്ലിനു തുല്യം നരനുടെ നാൾകളഹോ-ഹാ
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ. ബാറെക്മോർ

ശുബ്ഹോ-മെൻഓലം

എക്ബോ

ശരണത്താലേ നിൻകൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നുദ്യാനത്തിനായ്

സ്തൗമെൻ-കുറിയേലായിസോൻ

**കോലോകൾ**

**(ആനീദേദശ്കൽഫഗറോക്)**

രക്ഷകനെ നിൻ ഗാത്രത്തെ ഭക്ഷിച്ചും നിൻ
വിലയേറും രക്തക്കാസാ പാനംചെയ്തും
മൃതരായോരെ നാശം നീക്കി ജീവിപ്പിച്ച്
അണിയേണം നിന്നെ നോക്കുന്നവരിൽ കാന്തി

ബാറെക്മോർ. ശുബ്ഹോ....

മൃതരെ ജീവിപ്പാനെഴുന്നുള്ളും രാജാ
മുകിലഴകിൻമേലാഘോഷിതനായിടുന്നു
നയവാന്മാർ തൻ മുൻ കൊമ്പിൻ നാദം കേട്ടിട്ട്
അങ്കിയണിഞ്ഞെതിരേൽപ്പാനായ് പോയിടുന്നു.
മൊറിയോറാഹേം

മോർ അപ്രേമിന്റെ ബോവൂസൊ

കർത്താവേ! കൃപ ചെയ്യേണമേ
മാതൃവിശുദ്ധഭ്യർഥനയാൽ
പുണ്യം ഞങ്ങൾക്കും വാങ്ങി
പോയോർക്കും നൽകീടേണം.
മറിയാമിന്നായ് ശ്ളോമോവ-
ന്നറിയിച്ചോരാ മാലാഖ
ദൈവം യോജിപ്പായെന്നായ്
വന്നറിവിങ്ങേകീടേണം
പിനീർ ഹാനനിയാദ്യർമേൽ
വീഴ്ത്തിയൊരാമാലാഖാതാൻ
മൃതർതന്നസ്ഥിക്കൂട്ടത്തിൽ
കൃപയാം നീർ വീഴ്ത്തീടേണം

(ധൂപംവച്ചുകൊണ്ടു മാലാകമാരുടെ സ്തുതിപ്പു ചൊല്ലുന്നു)

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗത്തിലെ മാലാഖമാരും പ്രധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ, ബലഹീനരും മൺമയരുമായ ഞങ്ങളും സ്തുതിച്ചു പറയുന്നു.

എല്ലാക്കാലത്തും എല്ലാ സമയത്തും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും, മനുഷ്യമക്കൾക്കു നല്ല ശരണവും (ഉണ്ടായിരിക്കട്ടെ)

ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും, വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

സർവശക്തിയുള്ള പിതാവും, സ്വർഗീയ രാജാവും, സ്രഷ്ടാവുമാകുന്ന ദൈവമായ കർത്താവും,

യേശുമ്ശീഹായാകുന്ന ഏകപുത്രനായ ദൈവമായ കർത്താവും പരിശുദ്ധറൂഹായുമാകുന്ന നിന്നെ നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും, വചനവും, ലോകത്തിന്റെ പാപചത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റ കുഞ്ഞാടായ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായുള്ളോവേ! നിന്റെ ചെവി ചായിച്ചു ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

പിതാവിന്റെ വലതുഭാഗത്തു മഹത്ത്വത്തോടിരിക്കുന്നവനേ! ദയ തോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിനും, പരിശുദ്ധ റൂഹായോടുകൂടെ യേശുമ്ശീഹാ! നീ മാത്രം കർത്താവാകുന്നു.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും, നിന്നെ ഞങ്ങൾ വാഴ്ത്തുകയും എന്നേയ്ക്കും വാഴ്ത്തപ്പെട്ടതും, നിത്യതയുള്ളതുമായ നിന്റെ പരുശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവശക്തിയുള്ള കർത്താവേ നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം സ്തുതിക്കപ്പെട്ടതും എന്നേക്കും നീ സ്തുതികളാൽ പ്രബലപ്പെട്ടവനുമാകുന്നു.

സ്തുതി നിനക്കു യോഗ്യമാകുന്നു. മഹത്വം നിനക്കു യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും, സത്യത്തിന്റെ പിതാവുമായവനേ നിനക്കും, ഏകപുത്രനും, ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും, ഇപ്പോഴും, എല്ലാ സമയത്തും, എന്നേക്കും പുകഴ്ചചേർച്ചയാകുന്നു. ആമ്മീൻ.

**മോറാനേശുമ്ശീഹാ** നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളിൽ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നുവെന്നു ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളുടെമേൽ കരുണ ചെയ്യണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായപ്പെടുവാനായിട്ടു നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്നു ഞങ്ങളുടെ അടുക്കലേക്ക് ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളുടെമേൽ കരുണ ചെയ്യണമേ.

കൗമ

## ക്യംതാ പ്രഭാത നമസ്കാരം

(പള്ളിയിൽ പ്രവേശിച്ചു കുരിശുവരച്ചുകൊണ്ടു താഴെപ്പറയുന്ന പ്രാർത്ഥനയും ഒരു കൗമായും ചൊല്ലിയശേഷം നമസ്ക്കാരത്തിൽ സംബന്ധിക്കുന്നു).

ബഹുമതിപൂർവം ഞാൻ നിന്റെ ഭവനത്തിലേക്കു വന്ന് എന്റെ നേർച്ചകൾ നിനക്കു കഴിക്കും.

### പ്രാരംഭ സ്തുതി

**കൗമാ**

പട്ടക്കാരൻ: ശുബ്ഹൊ

ജനം: ബലഹീനരും പാപികളുമായ നമ്മുടെമേൽ കരുണയും മനോഗുണവും രണ്ടുലോകങ്ങളിലും എന്നെന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

**സ്ലൂസൊ**

പട്ടക്കാരൻ: ദൈവമായ കർത്താവേ! ഭാഗ്യമുള്ളവയും പ്രകാശം നിറഞ്ഞിരിക്കുന്നവയുമായ കതിരുകളാൽ ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കണമേ. മരിച്ചവരുടെ ഇടയിൽ നിന്നുള്ള നിന്റെ ഉയിർത്തെഴുന്നേൽപു ദീവസത്തിൽ ഞങ്ങളെ സന്തോഷിപ്പിക്കുകയും, നിന്റെ കർത്തൃത്വത്തിന്റെ ഉദയത്താൽ ഞങ്ങളെ ആനന്ദിപ്പിക്കുകയും ചെയ്യണമേ. ഞങ്ങളുടെ ജീവന്റെ പ്രത്യാശയും ഞങ്ങളുടെ ആത്മാക്കളുടെ രക്ഷിതാവുമായ മ്ശീഹാ! നിന്റെ കൃപാസഹായങ്ങളാൽ ഞങ്ങളെ തുണയ്ക്കണമേ. മോറൻവാലോഹാൻല്ഒൽമീൻ. ആമ്മീൻ

### 51-ാം മസ്മൂർ (വിശുദ്ധ ഗ്രന്ഥം)

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ

നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട് കരുണചെയ്യണമെ...

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

എന്യോനോ

മഹിമയൊടക്കബറീന്നു പുറപ്പെട്ടീസൃഷ്ടികളെ
ശോഭിപ്പിച്ചോരു ശോഭയതാമേശു സ്തുത്യനഹോ.
ശെമഓനും യോഹന്നാനും ചെന്നാക്കബറിങ്കൽ
സ്തുതി പാടി സന്തോഷത്തോടെ പോയവർ തിരികെ.
ആഴ്ചയിലാദ്യത്തേതായീടുന്നീശുദ്ധദിനേ
ആദ്യജനുയിർ പൂണ്ടെഴുന്നേൽപ്പിച്ചീമൺമയരെയും.
കൊന്നവരേ ജീവിച്ചേശു ലജ്ജിപ്പിച്ചതിനാൽ
പള്ളികളും ദയറാകളുമിന്നാനന്ദിക്കുന്നു.
മൃതർ തന്നാത്മാക്കളുമിന്നാനന്ദിക്കും കൃപയാം
പനിനീരവർമേലുയിൽ പൂണ്ടോരുശു വീഴ്ത്തിയതാൽ
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

.

രക്ഷകനേ! നിന്നെയും നിന്നുദ്ധാനത്തേയും
കൊണ്ടാടുന്നടിയാർക്കുയിരേകേണം നിന്നരുൾപോൽ
കുറിയേലായിസോൻ

**63-ാം മസ്മൂർ (വിശുദ്ധ ഗ്രന്ഥം)**

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായി കാത്തിരിക്കും.

ദാഹിച്ച് വരണ്ട് വെള്ളത്തിന്നായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവു നിനക്കായി ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലവും ബഹുമാനവും കാണ്മാൻ ഇപ്രകാരം സത്യമായി ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിന്റെ കരുണ ജീവനേക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം നിന്നെ പുകഴ്ത്തുകയും നിന്റെ നാമത്തിൽ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസും കൊണ്ടെന്നപോലെ പുഷ്ടിയാകും. എന്റെ വായ് മഹത്വ മുള്ള അധരങ്ങൾ കൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എന്റെ ശയ്യമേൽ ഞാൻ നിന്നെ ഓർത്തു; രാത്രികളിൽ ഞാൻ നിന്നെ ധ്യാനിക്കയും ചെയ്തു.

എന്തെന്നാൽ നീ എനിക്കു സഹായകനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്ക പ്പെടും

എന്റെ ആത്മാവു നിന്നെ പിൻതുടർന്നു. നിന്റെ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ ആഴത്തിലേക്കു പ്രവേശി ക്കും.

അവർ വാളിനു ഏൽപ്പിക്കപ്പെടും കുറുനരികൾക്കു ഭക്ഷണമായിത്തീരുകയും ചെയ്യും; രാജാവു ദൈവത്തിൽ സന്തോഷിക്കും.

അവനെക്കൊണ്ട് സത്യം ചെയ്യുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യവാദികളുടെ വായ് അടയ്ക്കപ്പെടും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

എന്യൊനോ

ദൈവമുയിർത്തു മഹത്ത്വത്തോടാ-
ദാമിനേയും തൻ-
മക്കളേയും ജീവിപ്പിച്ചു
ദൂതഗണം തൽപതിയേ വാഴ്ത്തി
ഭൂമി വിളങ്ങി

ഭ്രമമൊടു കാവൽക്കാർ നിന്നു.
ശെമഓൻക്കീപ്പാ യോഹന്നാനൊടു
മൊന്നിച്ചീ നാൾ
ആ കബറിടമതിലേക്കോടി
യാക്കോബാനന്ദിച്ചു തോമാ
തൃപ്തിപ്പെട്ടു
മത്തായി സ്തോത്രം പാടി.
പാതാളം പൂക്കിടയൻവിഗ്രഹ-
സേവ വിടുർത്തി
തന്നുടെ സഭയെ രക്ഷിച്ചു
ജീവിച്ചു മഹത്ത്വത്തോടെയെഴുന്നേ-
റ്റതിനെ ശക്ത്യാ
ശത്രുക്കളിൽനിന്നും വീണ്ടു.
വീഞ്ഞിൻ ലഹരിയൊഴിഞ്ഞവനെപ്പോൽ
കർത്താവീനാൾ
മരണത്തെ വിട്ടുണർവോടേ.
മതിക്കൊന്നു തകർത്താപ്പാതാ-
ളത്തിൻ വാതിൽ
തീർത്തൊരു നിത്യക്കൽ പീഠം.
ദൈവമുയിർത്തു മരിച്ചവരീന്നി-
ന്നെഴുന്നേറ്റേറ്റം
കാവൽക്കാരിൽ ഭ്രമമേറ്റി,
മ്ശീഹാ ജീവിച്ചെന്നവരൂർശ്ളേ
പൂക്കാർത്തതിനാൽ
ക്രൂശിച്ചവർ ലജ്ജിച്ചേറ്റം. ബാറെക്മോർ
പട്ടക്കാരൻ: ശുബ്ഹോ
ജനം: മെൻഓലം
നിൻവരവോർത്തു വസിച്ചു മരിച്ചവർ
ഖിന്നരെ മോദി-
പ്പിക്കും നിൻതേജസ്സതിനെ
കണ്ടിന്നേദിവസം തങ്ങളുടെ
തലകളുയർത്തി
നിൻകൃപയെ സ്തുതിചെയ്യുന്നു.
കുറിയേലായിസോൻ.

**മസ്മൂർ 19**

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വം അറിയിക്കുന്നു; ആകാശവിശ്വാനം തന്റെ കൈപ്പണിയെ കാണിക്കുന്നു.

പകൽ പകലിന്നു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല, വാക്കുകളുമില്ല.

ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും ഭൂതലത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു; സൂര്യന്നായിട്ട് അവയുടെ മേൽ തന്റെ കൂടാരമടിച്ചു.

അതു തന്റെ മണവറയിൽ നിന്നു പുറപ്പെടുന്ന മണവാളൻ എന്ന പോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിന്റെ ഒരറ്റത്തു നിന്നു അതിന്റെ ഉദയവും ആകാശത്തിന്റെ അറുതിയിൽ അതിന്റെ അസ്തമനവും ആകുന്നു. അതിന്റെ ആവിയിൽനിന്നു മറവായിരിക്കുന്നത് ഒന്നുമില്ല.

കർത്താവിന്റെ വേദപ്രമാണം കറയറ്റതും ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിന്റെ സാക്ഷ്യം വിശ്വാസയോഗ്യവും ശിശുക്കളെ വിജ്ഞാനികളാക്കുന്നതുമാകുന്നു.

കർത്താവിന്റെ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയും ആകുന്നു. കർത്താവിന്റെ കല്പന തിരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭക്തി നിർമലവും എന്നേക്കും നിലനില്ക്കുന്നതും ആകുന്നു; കർത്താവിന്റെ ന്യായവിധികൾ സത്യമായിട്ടുള്ളവയും സകലത്തിനും നീതിയുള്ളവയും ആകുന്നു.

അവ തങ്കത്തേക്കാളും നല്ല രത്നങ്ങളെക്കാളും ആഗ്രഹിക്കത്തക്കവയും തേനിനേക്കാളും തേൻകട്ടയെക്കാളും മാധുര്യമുള്ളവയുമാകുന്നു;

അത്രയുമല്ല: നിന്റെ ദാസനു അവയാൽ പ്രബോധനം ലഭിക്കും; അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും;

പിഴകളെ തിരിച്ചറയുവുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമേ!

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും പാപങ്ങളിൽനിന്ന് ഞാൻ ഒഴിഞ്ഞിരിപ്പാനും വേണ്ടി അന്യായത്തിൽ നിന്നു നിന്റെ ദാസനെ തടുക്കണമേ.

എന്റെ സഹായകനു, എന്റെ രക്ഷകനുമായ കർത്താവേ എന്റെ വായിലെ വചനങ്ങൾ തിരുവിഷ്ടപ്രകാരവും എന്റെ ഹൃദയത്തലെ ധ്യാനം തിരുമുമ്പാകെയും ഇരിക്കണമേ!

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

### എന്യോനോ

മ്ശീഹാ ജീവിച്ചെഴുന്നേറ്റു:
കാവൽക്കാർ ലജ്ജപ്പെട്ടു.
തൻപ്രിയയാം സഭ സന്തോഷ-
ത്താലാത്മപ്രിയനേ വാഴ്ത്തും.
ഞായർദിനേ കീപ്പായോഹ-
ന്നാന്മാരൊത്തോടിപ്പോയി.
ഗുരു മൃതരീന്നുയിർപൂണ്ടേറ്റെ-
ന്നതുകേട്ടാരാഞ്ഞിടുവാനായ്.
രക്ഷകനേ! നിന്നുത്ഥാനാ-
ത്തിൻ ദിനമാമിന്നടിയാരിൽ
പ്രീതിയെഴുന്നളവില്ലാക്കാ-
രുണ്യത്താൽ പോക്കുക കുറ്റം.
ദയറാകൾ പള്ളികളും സ-
ന്തോഷം കൈക്കൊണ്ടീനാളിൽ
പുത്രൻതന്നുത്ഥാനത്തെ
വാഴ്ത്തി സ്തോത്രം പാടുന്നു.
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
നഷ്ടമതാം തന്നരുവും വീ-
ണ്ടാദാമ്മിൻ ജീർണ്ണശരീരം
പുതുതാക്കാനായ് മൃതലോക-
ത്തേക്കല്ലോ ദൈവമിറങ്ങി.

### കുറിയേലായിസോൻ

ഏശായാ 42:10-13; 45:8

കർത്താവിന് ഒരു പുതിയ പാട്ടും, അവന് ഭൂമിയുടെ അതിർത്തികളിൽ നിന്നും സ്തുതിയും പാടുവിൻ. സമുദ്രത്തിലേക്ക് ഇറങ്ങിപ്പോകുന്നവരും, അതിലുള്ള സകലവും ദ്വീപുകളും, അവയിൽ കുടിയിരിക്കുന്നവരുമേ! കർത്താവിനു പാടുവിൻ.

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ. കാദോർ മേച്ചിൽ സ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ കുടിയിരിക്കുന്നവർ സ്തുതിക്കട്ടെ. അവർ പർവതങ്ങളുടെ മുകളിൽ നിന്ന് ആർത്തുകൊള്ളട്ടെ. കർത്താവിനു മഹത്ത്വം കൊടുക്കുകയും അവന്റെ സ്തുതികളെ ദ്വീപുകളിൽ അറിയിക്കയും ചെയ്യട്ടെ.

കർത്താവു പരാക്രമി എന്നപോലെ പുറപ്പെടും അവൻ യോദ്ധാവ് എന്നപോലെ വാശിയെ ജ്വലിപ്പിക്കും. അവൻ ആർത്തു പ്രബലപ്പെട്ടു തന്റെ ശത്രുക്കളെ സംഹരിക്കും.

ആകാശങ്ങളേ! മേലിൽനിന്ന് ആനന്ദിപ്പിൻ. മേഘങ്ങൾ നീതിയെ തളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ, നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ ഇവയെ സൃഷ്ടിച്ച കർത്താവു ഞാനാകുന്നു.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

***ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ***

എന്‌യോനോ

ഇന്നാൾ നിൻ കബറിങ്കൽ ദൂതന്മാർ
പൂണ്ടും വെള്ളങ്കി
ശിഷ്യകൾ ധൂപസുഗന്ധക്കു-
ട്ടുകളോടും പോ-യ്
അറിയിച്ചവരേ-മാലാഖ
തൻസ്തു-ത്യമുത്ഥാനം
തിരുവുളമായ്-മൃതിമൂണ്ടക്കബറീന്നി-
ങ്ങൂയിരേറ്റു മാനുഷരേ
വീഴ്ചയിൽ നിന്നേറ്റി സ്വർഗക്കൂ-
ട്ടത്തോടു കൂടെ
മോദിപ്പാൻ നമ്മേ മേളി-
പ്പിച്ചോ-നായ് സ്തോത്രം.
ഞായർദിനേ-ദൂതന്മാർ വെള്ളയണി
ഞ്ഞെത്തീ കബറരികെ
അവരിലൊരാൾ നീക്കിയകല്ലിന്മേ
ലേറിയിരുന്ന്- അഖിലേശൻ
ജീവിച്ചെന്നറിയിച്ചാ-
നാരികളെ.
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

നാഥാ! നി-ന്നുത്ഥാനം ദൂതർക്കി-
ന്നേകുന്നാനന്ദം,
ഇതു നാരികൾ ചൊന്നറിവായതിനാൽ
ശെമഓൻ കീപ്പാ
സന്തോഷിക്കു-ന്നാനന്ദി-
ക്കുന്നാ-യോഹന്നാൻ. കുറിയേലായിസോൻ

**ലൂക്കോസ് 1:46 മുതൽ 55 വരെ**

മറിയാം പറഞ്ഞതെന്തെന്നാൽ, എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരുന്നു. കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും തന്റെ നാമം പരിശുദ്ധവുമായിരിക്കുന്നവൻ വലിയ കാര്യങ്ങൾ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജംകൊണ്ടു ജയം ഉണ്ടാക്കി, തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ഛിന്നിച്ചു. അവൻ ബലവന്മാരെ സിംഹാസനങ്ങളിൽ നിന്നു മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ടു സമ്പൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു. അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും, നമ്മുടെ പിതാക്കന്മരോടും അബ്രഹാമിനോടും, അവന്റെ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേക്കും തന്റെ കരുണയെ ഓർക്കുകയും ചെയ്തു.

*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

തൻമൃതിയാലഴകാകെ നശി-
പ്പിക്കും മരണത്തെക്കൊന്നി-
ട്ടാകൽക്കറൂസാ തൻ കീഴിൽ
നിന്നടിയാരേ വീണ്ട നിന-

ക്കുചിതദ്ധ്വനിയിൽ സ്തുതിപാടു-
ന്നടിയാരെല്ലാരും. ബാറെക്മോർ
പട്ടക്കാരൻ: ശുബ്ഹോ.........
അതുല വിശുദ്ധ സഭേ പ്രാർത്ഥി-
പ്പാൻ നിൻ മക്കളേയും കൂട്ടി
സ്ളീബായാൽ രക്ഷിച്ചസുത-
ന്നായി സ്തോത്രം പാടീടുക
ഉചിതദ്ധ്വനിയിൽ സ്തുതി പാടു-
ന്നടിയാരെല്ലാരും. ആമ്മീൻ.

## 113-ാം മസ്മൂർ (വിശുദ്ധ ഗ്രന്ഥം)

**പ്രകാശത്തിന്റെ സൃഷ്ടാവിനു സ്തുതി**

കർത്താവിന്റെ ഭൃത്യന്മാരേ! സ്തുതിപാടുവിൻ. കർത്താവിന്റെ തിരുനാമം സ്തുതിപ്പിൻ.
കർത്താവിന്റെ തിരുനാമം ആദിമുതൽ എന്നെന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.
സൂര്യോദയം മുതൽ അതിന്റ അസ്തമനം വരെയും കർത്താവിന്റെ തിരുനാമം വലിയതാകുന്നു.
കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ ബഹുമാനം സ്വർഗ്ഗങ്ങൾക്കു മീതെയും ആകുന്നു.
ആകാശത്തിലും ഭൂമിയിലും നമ്മുടെ ദൈവമായ കർത്താവിനോട് സദൃശ്യൻ ആരുള്ളു
താൻ ഉയരത്തിൽ വസിക്കുകയും; അഗാധത്തിൽ നോക്കുകയും ചെയ്യുന്നു;
ജനത്തന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിനു എളിയവനെ കുപ്പയിൽ നിന്നു ഉയർത്തുന്നു.
താൻ വന്ധ്യയെ മക്കളുടെ മാതാവായി സസന്തോഷം വസിപ്പിക്കുന്നു.
**ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ**

*(താഴെ മുതലുള്ള ഭാഗങ്ങൾ രാത്രി പ്രാർത്ഥനയിൽ ചൊല്ലിയിട്ടുണ്ടങ്കിൽ ഇവിടെ ചൊല്ലണ്ട)*

**148, 149, 150 മസ്മൂർകൾ (വിശുദ്ധ ഗ്രന്ഥം)**
**ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ**

ആകാശത്തിൽനിന്നു കർത്താവിനെ സ്തുതിപ്പിൻ; അത്യുന്നതങ്ങളിൽ, തന്നെ സ്തുതിപ്പിൻ.

തന്റെ സകല മാലാഖമാരുമേ! തന്നെ സ്തുതിപ്പിൻ; തന്റെ സകല സൈന്യങ്ങളുമേ തന്നെ സ്തുതിപ്പിൻ;

ആദിത്യ ചന്ദ്രന്മാരെ തന്നെ സുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ! തന്നെ സ്തുതിപ്പിൻ.

ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്കു മീതെയുള്ള വെള്ളവുമെ! തന്നെ സ്തുതിപ്പിൻ; അവ കർത്താവിന്റെ നാമം സ്തുതിക്കട്ടെ!

എന്തെന്നാൽ താൻ അരുളിച്ചെയ്തു; അവ ഉണ്ടായി. താൻ കൽപ്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു.

താൻ എന്നേക്കുമായി അവയെ സ്ഥിരപ്പെടുത്തി. താൻ ഒരു നിയമം നിശ്ചയിച്ചു. അത് അഴിയുന്നതുമല്ല.

ഭൂമിയിൽനിന്നു മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, മഞ്ഞും, ഹിമകണങ്ങളും, തന്റെ വചനപ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും, കൊടുങ്കാറ്റുകളും

പർവ്വതങ്ങളും, സകല മലകളും, ഫലവൃക്ഷങ്ങളും, സകല കാരകിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും, പറവകളും!

ഭൂമിയിലെ രാജാക്കന്മാരും, സകല ന്യായിധപതിമാരും; ശിശുക്കളും, കന്യകകളും, വൃദ്ധന്മാരും, യൗവ്വനക്കാരും, ആയുള്ളോരേ! കർത്താവിനെ സ്തുതിപ്പിൻ; ഇവർ കർത്താവിന്റെ നാമം സ്തുതിക്കട്ടെ.

എന്തെന്നാൽ തന്റെ നാമം മാത്രം വലുതാകുന്നു. തന്റെ മഹത്വം ആകാശത്തിലും ഭൂമിയിലും വ്യാപിച്ചിരിക്കുന്നു.

സ്വജനത്തിന്റെ കൊമ്പിനെയും, തന്റെ സകല നീതിമാന്മാർക്കും സ്വജനമായ ഇസ്രായേൽക്കാർക്കും മഹത്വത്തേയും ഉയർത്തുന്നു.

(149) കർത്താവിനു ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ തന്റെ സ്തുതിയും പാടുവിൻ.

ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കയും, സെഹിയോൻ പുത്രന്മാർ അവരുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരതപ്പുകളാലും തന്റെ നാമം സ്തുതിക്കുകയും, വീണകൾ കൊണ്ടു തനിക്കു പാടുകയും ചെയ്യട്ടെ.

എന്തെന്നാൽ കർത്താവു തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. ദരിദ്രന്മാർക്ക് രക്ഷകൊടുക്കുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ പ്രബലപ്പെടും. അവർ സ്വന്ത കട്ടിലുകളിന്മേൽ തന്നെ സ്തുതിക്കയും, അവരുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

വിജാതികൾക്കു പ്രതിക്രിയയും, സ്വജനത്തിനു ശിക്ഷയും ചെയ്യാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, മാന്യന്മാരെ ഇരുമ്പു ചങ്ങല കൊണ്ടും ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, സകല നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനുമായിട്ട് അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

(150) കർത്താവിനെ വിശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ; തന്റെ ശക്തിയുടെ ആകാശത്തട്ടിൽ തന്നെ സ്തുതിപ്പിൻ.

തന്റെ വല്ലഭത്വത്തിൽ തന്നെ സ്തുതിപ്പിൻ. തന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ തന്നെ സ്തുതിപ്പിൻ. കാഹള ശബ്ദത്താൽ തന്നെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും തന്നെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരതപ്പുകളാലും തന്നെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ തന്നെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ തന്നെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും തന്നെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

(116) സകലജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ! തന്നെ മഹത്വപ്പെടുത്തുവിൻ.

എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു. താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

എന്യോനോ

മാനവർ വാനോർ മുൻ മുൻ നിൻ
മഹിമയെ വന്ദിച്ചീടുന്നു.
കരുണാനിധിയാം ഞങ്ങളുടെ
കർത്താവേ! സ്തുത്യൻ നീയേ,
ഞായർ ദിനമിന്നുയരത്തിൻ
ദ്വാരങ്ങൾ തുറക്കപ്പെട്ടു
പൂഴിയിൽ മൃതരായ്മേവിയവർ-
ക്കുൾശരണമുറപ്പുണ്ടായി
മോറാനീശോ! നിന്നുത്ഥാ-
നാൽ സൃഷ്ടികൾ മോദിച്ചെല്ലാം
മൃതർ നീയവരെക്കബറൂൾ പോയ്
കണ്ടതിനാൽ സ്തുതിചെയ്യുന്നു.
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
ഏകസുതൻ താനുയിർ പൂണ്ടി-
പ്പരിശുദ്ധമതാം ദിവസത്തിൽ
മ്ശീഹാ ജീവിച്ചീടുകയാൽ
മൺവിണ്ണുലകുകൾ മോദിച്ചു.

മറ്റൊരു എന്യോനോ

യൂദന്മാർ കുരിശിൽ തൂക്കി
ത്തന്നെകബറതിൽ വച്ചിട്ടും
ഉത്ഥാനത്താലുളവാകും
ലജ്ജാശങ്കയവർക്കുണ്ടായ്
ഹാലേലുയ്യാ വ് ഹാലേലുയ്യാ.
സീമാവാഹി പരാക്രമിയെ-

കബറുൾ ദ്രോഹികൾ പൂട്ടീട്ടും
ഇടിവാൾപോലെ പുറത്തായ് താൻ
മുദ്രയ്ക്കില്ലാതൊരുകേടും
ഹാലേലുയ്യാ വ് ഹാലേലൂയ്യാ.
നാഥൻ വിളവാ വേലക്കാ-
രൊടുചോ-ദിപ്പാനായ് വന്നു
അവകാശമമർത്താനവനെ-
ത്തോപ്പിനു പുറമേയവർ തൂക്കി
ഹാലേലുയ്യാ വ് ഹാലേലുയ്യാ.
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

കാണാത്തതിനെത്തേടിത്തൻ-
ലോകം നാഥൻ പൂക്കാറേ
കബറിൽ തന്നെയടച്ചവരെ
ലജ്ജിപ്പിച്ചുത്ഥാനത്താൽ
ഹാലേലുയ്യാ വ് ഹാലേലുയ്യാ.

**കുറിയേലായിസോൻ.**

**ഗിരി പ്രഭാഷണം വി.മത്തായി 5: 3 – 12**

ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ എന്തെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു.

ദുഃഖിതർ ഭാഗ്യവാന്മാർ - എന്തെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും.

താഴ്മയുള്ളവർ ഭാഗ്യവാന്മാർ - അവർ ഭൂമിയെ അവകാശമായനുഭവിക്കും.

നീതിയ്ക്കായി വിശന്നും ദാഹിച്ചും ഇരിക്കുന്നവർ ഭാഗ്യവാന്മാർ - അവർ തൃപ്തരാകും.

കരുണാമാനസർ ഭാഗ്യവാന്മാർ - അവരുടെമേൽ കരുണയുണ്ടാകും.

നിർമ്മല ഹൃദയർ ഭാഗ്യവാന്മാർ - അവർ ദൈവത്തെകാണും. സമാധാനം വരുത്തുന്നവർ ഭാഗ്യവാന്മാർ - അവർ ദൈവമക്കൾ എന്നു വിളിക്കപ്പെടും.

നീതിയ്ക്കായി പീഡയേൽക്കുന്നവർ ഭാഗ്യവാന്മാർ - എന്തെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു.

മനുഷ്യർ നിങ്ങളെ നിന്ദിക്കുകയും പീഡിപ്പിക്കുകയും എന്നെപ്രതി നിങ്ങൾക്കെതിരായി സർവ്വ ദുർവാക്കുകളും അസത്യമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ - അപ്പോൾ നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ. എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കുള്ള പ്രതിഫലം വർദ്ധിച്ചിരിക്കുന്നു.

ശുബഹോ ..... മെൻ ഓലം ....

എന്യോനോ

(എസ്ദക്രൈൻ മൊറിയോ)

നാഥാ!നിൻ രാജ്യ-
ത്തിൻ മഹിമാഗമനേ
സ്ളീബാച്ചിറകാൽ
ഞങ്ങളെ മൂടിക്കൊള്ളണമേ
നാഥാ! നിൻരാജ്യ-
ത്തിൻ മഹിമാഗമനേ
നിൻ പരിശുദ്ധ-
ന്മാരോടടിയാർ ചേരണമേ.
ഇന്നേകസുതൻ ത-
ന്നുത്ഥാനേ ദൂതർ
സ്ത്രീകൾക്കാന-
ന്ദം സന്തോഷവുമറിയിച്ചു.
നാഥാ! നിൻരാജ്യ-
ത്തിൻ മഹിമാഗമനേ
നിൻ നാമത്തേ-
യേറ്റൊരു ഞങ്ങളെയേല്ക്കണമേ. ബാറെക്മോർ

പട്ടക്കാരൻ: ശുബ്ഹോ വീക്കോറോ വ്സെഗ്ത്തോവ്റാബൂസ് യോയൂസോ
ദ്നെശ്ത്ത്വേ ദ്നാസേക്ക് ലാബോ വ്ലബ്രോ വൽറൂഹോക്കാദീശോ.

ജനം: മെൻഓലം വാദാമൊൽ ഓലം ഒൽമീനാമ്മീൻ

നാഥാ! നിൻരാജ്യ-
ത്തിൻ മഹിമാഗമനേ
പുണ്യം ഞങ്ങൾ-
ക്കും നൽകുടു മരിച്ചോർക്കും.

ശുശ്രൂഷകൻ : സ്തൗമെൻകാലോസ്
ജനം : കുറിയേലായിസോൻ

പ്രുമിയോൻ

പട്ടക്കാരൻ : നാം എല്ലാവരും പ്രാർത്ഥിച്ചു കർത്താവിനോട് കരുണയും മനോഗുണവും യാചിക്കണം.

ജനം : കാരുണ്യവാനായ കർത്താവേ! ഞങ്ങളുടെ മേൽ കരുണചെയ്തു ഞങ്ങളെ സഹായിക്കണമേ.

പട്ടക്കാരൻ: സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞുപോകാത്ത നല്ല ഉന്നതിയും, എല്ലായ്പ്പോഴും സദാനേരവും ഇടവിടാതെ, കരേറ്റുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമേ.

നാം തന്നോട് അപേക്ഷിക്കാതെ തന്നെ തന്റെ കൃപമൂലം നമ്മെ മരണമില്ലാത്തവരാക്കിത്തീർപ്പാനായിട്ടു തിരുവിഷ്ടത്താൽ നമ്മുടെ അടുക്കലേക്കു വരികയും തിരുമേനിയുടെ കഷ്ടാനുഭവത്താൽ നമ്മുടെ കടച്ചീട്ടിനെ കീറിക്കളകയും മരണമുള്ളതായ നമ്മുടെ വർഗത്തിനു തന്റെ ഉയിർത്തെഴുന്നേൽപ്പുമൂലം മരണമില്ലായ്മ സൗജന്യമായി തരികയും, മേലുള്ളവർക്കും താഴെയുള്ളവർക്കും തന്റെ ജീവിച്ചെഴുന്നേൽപ്പുമൂലം സന്തോഷവും ആനന്ദവും പ്രദാനം ചെയ്ത നല്ല ഉടയവനു സ്തുതി. പ്രഭാത പ്രാർത്ഥനയുടെ ഈ സമയത്തും, സകല പെരുന്നാളുകളിലും, നേരങ്ങളിലും, നാഴികകളിലും, കാലങ്ങളിലും, ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും, സ്തുതിയും, ബഹുമാനവും ആരാധനയും തനിക്കു യോഗ്യമാകുന്നു. ബ്കുൽഹൂൻ യൗമോസൊദ്ഹായെൻല്ഒൽമ്മീൻ. ആമ്മീൻ.

**ഹൂസോയൊ**

പുണ്യമാക്കുന്നവനും വെടിപ്പാക്കുന്നവനും ഞങ്ങളുടെ തിന്മകൾ ക്ഷമിച്ചു മായിച്ചു നീക്കി ഓർക്കാതിരിക്കുന്നവനുമായ ദൈവമായ കർത്താവേ!നിന്റെ സ്നേഹകാരുണ്യത്താൽ എന്റെ കർത്താവേ! എണ്ണപ്പെടുവാൻ പാടില്ലാത്തവണ്ണം വളരെയും വലിയവയുമായ എന്റെ പാപങ്ങളും വിശ്വാസമുള്ള നിന്റെ സകലജനത്തിന്റെ പാപങ്ങളും മായിച്ച്, ഉത്തമനേ! ദയതോന്നി ഞങ്ങളോട് കരുണചെയ്യണമേ. ദൈവമായ കർത്താവേ! നിന്റെ കരുണയാൽ ഞങ്ങളെ നീ ഓർത്തുകൊള്ളണമേ. അതിനാൽ എന്റെ നാഥാ! ഞങ്ങളുടെ മാതാപിതാക്കളുടേയും. സഹോദരീ സഹോദരന്മാരുടെയും, ഗുരുക്കന്മാരുടേയും ഉപദേഷ്ടാക്കന്മാരുടെയും മരിച്ചുപോയവരുടെയും വിശുദ്ധിയും മഹത്ത്വവുമുള്ള നിന്റെ സഭയുടെ മക്കളാകുന്ന വിശ്വാസികളായ സകല മരിച്ചുപോയവരുടേയും ആത്മാക്കളെ നീ ഓർത്തുകൊള്ളണമേ. ദൈവമായ കർത്താവേ! അവരുടെ ആത്മാക്കളെയും, അരൂപികളെയും, ശരീരങ്ങളെയും ആശ്വസിപ്പിച്ച് കരുണയും ആർദ്രതയുമാകുന്ന പനിമഞ്ഞ് അവരുടെ അസ്ഥികളിൽമേൽ തളിക്കണമേ. ഞങ്ങളുടെ രാജാവായ മ്ശീഹാതമ്പുരാനേ! കർത്താധികർത്താവേ! മഹത്ത്വനാഥാ! ഞങ്ങൾക്കും അവർക്കും പാപപരിഹാരവും, പാപപരിഹാരം ചെയ്യുന്നവനും നീ ആയിരിക്കേണമേ. എന്റെ കർത്താവേ! ഞങ്ങളോട് ഉത്തരമരുളിച്ചെയ്തു ഞങ്ങളുടെ തുണയ്ക്കായി എഴുന്നെള്ളണമേ. ഞങ്ങളുടെ സഹായത്തിനെത്തി, ഞങ്ങളെ രക്ഷിച്ചു ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളണമേ. ദൈവമേ! നിന്റെ കരുണയാൽ സകല കഠിന ശിക്ഷകളും അകറ്റി മായിച്ചു കളയണമേ. കർത്താവേ നിന്റെ കാരുണ്യത്താൽ കോപവടികൾ ഞങ്ങളിൽ നിന്നു വിലക്കി കടത്തിക്കളയണമേ. സമാധാന മനുഷ്യർക്കുള്ള നല്ല അവസാനത്തിനു ഞങ്ങളെല്ലാവരെയും യോഗ്യരാക്കണമേ.നിനക്കിഷ്ടമുള്ളതും, നിന്റെ ദൈവത്വത്തിനു യോഗ്യവും പ്രാസാദവുമായ ക്രിസ്തീയ അവസാനം ഞങ്ങൾക്കു സൗജന്യമായിത്തരണമേ. നല്ല അവസാനത്തിനു ഞങ്ങളെല്ലാവരെയും യോഗ്യരാക്കണമേ. ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ........ആമ്മീൻ.

സെദ്റൊ

സകലത്തിന്റെയും സ്രഷ്ടാവും നിർമ്മാതാവും ശക്തിപരാക്രമങ്ങളോടുകൂടിയിരിക്കുന്നവനുമായ ദൈവമേ! നിന്റെ സ്നേഹംമൂലം ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി തിരുവിഷ്ടത്താൽ കഷ്ടാനുഭവത്തിനും മരണത്തിനും സ്ളീബായ്ക്കുമായി നീ എഴുന്നെള്ളിവന്നു. ശപിക്കപ്പെട്ട ജനമായ യഹൂദന്മാരിൽ നിന്ന് ആക്ഷേപവും നിന്ദയും പരിഹാസവും സഹിച്ചു. നീ ന്യായാധിപന്മാരുടെ ന്യായാധിപതി ആയിരിക്കുമ്പോൾ നാടുവാഴിയായ പീലാത്തോസിന്റെ മുമ്പാകെ നില്ക്കുകയും ദുഷ്പ്രവർത്തിക്കാരനും കുറ്റക്കാരനും എന്നപോലെ അടികളാൽ ചോദ്യംചെയ്യപ്പെടുകയും ചെയ്തു. കുറ്റക്കാരനും ഹീനനും എന്നപോലെ ന്യായസ്ഥലത്ത് ഏൽപ്പിക്കപ്പെട്ടു. അതിഭയഭക്തിയോടുകൂടെ ക്രൂബേന്മാരാൽ ആഘോഷിക്കപ്പെടുന്നവനായിരിക്കുമ്പോൾ നിന്റെ തിരുവിഷ്ടത്താൽ നിന്ദയുടെ സ്ളീബാമേൽ നീ തൂക്കപ്പെട്ടു. സ്ക്കീപ്പായിൽ നഗ്നനായി തറയ്ക്കപ്പെട്ടപ്പോൾ സൂര്യനെ അതിന്റെ സ്ഥലത്ത് അന്ധകാരപ്പെടുത്തുകയും, നക്ഷത്രങ്ങളെ അവയുടെ നിരകളിൽ നിന്നു വീഴിക്കുകയും, ചന്ദ്രനു രക്തനിറം കൊടുക്കുകയും ചെയ്തു. അശുദ്ധപ്പെട്ടിരുന്ന വായു മണ്ഡലത്തെ നിന്റെ തൃക്കൈകൾ വിരിച്ചു ശുദ്ധീകരിച്ചു. കഠോരമായ നിന്റെ അട്ടഹാസത്താൽ ദൈവാലയത്തിന്റെ തിരശ്ശീല ചീന്തുകയും ഭൂമിയെ വിറപ്പിക്കുകയും പാറകൾ പൊളിക്കുകയും കബറുകൾ തുറക്കുകയും ചെയ്തു. നിന്റെ പാതാളപ്രവേശനത്താൽ മരണത്തേയും സാത്താനേയും, കൊല്ലുകയും, പാതാളത്തിൽ ഉണ്ടായിരുന്ന മരിച്ചവർക്കു ശരണവും സന്തോഷവും ജീവനും നാശമില്ലായ്മയും പ്രസംഗിക്കുകയും പാതാളത്തിൽ ബന്ധിക്കപ്പെട്ടിരുന്നവരെ അഴിച്ചുവിടുകയും പാതാളത്തിന്റെ അഗാധക്കുഴിയിൽ കിടന്നിരുന്ന വിലങ്ങുകാരെ പുറത്തിറക്കുകയും, കബറിൽ ഉണ്ടായിരുന്നവരുടെ കഴുത്തുകളെ മറുതലിപ്പുകാരനായ ദുഷ്ടനിൽ നിന്നു സ്വാതന്ത്ര്യപ്പെടുത്തി രക്ഷിക്കുകയും ചെയ്തു. സകല സൃഷ്ടിക്കും പുതിയ ജീവൻ സൗജന്യമായി കൊടുക്കുകയും ലോകത്തെ മുഴുവനും നിരപ്പും സമാധാനവും മനുഷ്യസ്നേഹവും കൊണ്ടു നിറയ്ക്കുകയും ചെയ്തു. ജീവന്റെയും രക്ഷയുടെയും സുവിശേഷം പ്രസംഗിപ്പാനായിട്ടു നിന്റെ വി.ശ്ലീഹാന്മാരോടു കല്പിക്കുകയും, ദൈവം കബറിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നും തന്റെ ശത്രുക്കൾ ചിതറിപ്പോയി എന്നും അവർ ലോകം ഒക്കെയിലും അറിയിക്കയും ചെയ്തു. അതിനാൽ കാരുണ്യവാനായ കർത്താവേ! രക്ഷിക്കുന്നതും ജീവനുണ്ടാക്കുന്നതുമായ ഈ നിന്റെ ഉയിർത്തെഴുന്നേൽപ്പു ദിവസത്തിൽ. ഞങ്ങൾ നിന്റ കൃപയോടപേക്ഷിക്കുന്നതെന്തെന്നാൽ ഞങ്ങളെ മരണമില്ലാത്തവരും നാശമില്ലാത്തവരുമാക്കിത്തീർക്കണമേ. ആക്ഷേപകരവും നിന്ദാകരവുമായ സകല വികാരങ്ങളിൽ നിന്നും ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തണമേ. സകല ദുർവികാരങ്ങളോടും എതിർത്തു നിൽക്കുന്നതിനു ഞങ്ങൾ പ്രാപ്തരാക്കുവാനായിട്ട് ജീവിപ്പിക്കുന്നതായ നിന്റെ ശക്തിയാൽ ഞങ്ങളെ ആയുധം ധരിപ്പിക്കണമേ. ആകൽക്കറൂസായെയും അവന്റെ സകല സൈന്യങ്ങളേയും, നിന്നാൽ ഞങ്ങൾ ജയിക്കുമാറാകണമേ. ഞങ്ങൾ എല്ലാവരും നിന്റെ രണ്ടാമത്തെ എഴുന്നെള്ളത്തിനെ സന്തോഷത്തോടുകൂടി എതിരേല്പാനായിട്ടു നല്ല അവസാനത്തിനും നിരപ്പുള്ള പുറപ്പാടിനും യോഗ്യരായിത്തീരണമേ. ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. സത്യവിശ്വാസത്തോടുകൂടെ നിന്നിൽ നിദ്രപ്രാപിച്ചിരിക്കുന്ന വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരെ നീതീകരിച്ചു ഭാഗ്യമുള്ള ഭവനങ്ങളിൽ അവരെ ആശ്വസിപ്പിക്കണമേ. ഞങ്ങൾ നിനക്കും, നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ............മെൻ ആലോഹോൻ.

**കോലോ**

**(ഏനോനൊ)**

അഗ്ന്യാത്മീ-യന്മാരീ-റേരും
ദൂതന്മാരും തീ പൂണ്ടോർ
കാദിശ്കാ-ദിശെന്നാർ-ത്തുംകൊ-
ണ്ടിന്നാക്കബറിങ്കൽ വന്നു
ദൈവം കബറീ-ന്നുത്ഥാനം
ചെയ്തേറ്റം മഹിമാവോടെ
കാവൽക്കാർ കണ്ടന്ധന്മാ-
രായ് മേ-ലീന്നീറേന്മാരെ-
യവർ കണ്ടായ് മൃതരെപ്പോലെ. ബാറെക്മോർ (ശുബ്ഹോ............

മുദ്രയ്ക്കി-ല്ലേ സത്യം-കേടെ
ന്നാരായുന്നാചാര്യന്മാർ
ഒന്നിച്ചു-ത്തരമതിനവർ-ചൊന്നാർ
മുദ്രയ്ക്കൊട്ടും കേടില്ല

മൃതരായ് ഞങ്ങളെയാക്കിത്തീർ-
ത്താശ്ചര്യം വരുവിൻ കാണ്മാൻ
ഞങ്ങൾ സ്വപ്നം കാണുന്നോ?
എന്നാ-ലും ദൈവം കാട്ടും
സത്യത്തെ മറവാക്കാമോ?
ജനം: മെൻഓലം.......
വാങ്ങിപ്പോ-യ പിതൃക്കൾ-ക്കും ഭ്രാ-
താക്കൾക്കും നൽകാശ്വാസം;
നിന്നാരാ-ധകരേ നിൻ-പരിശു-
ദ്ധന്മാർ സംഘത്തിൽ ചേർക്ക
നീ സിംഹാസനമേറീട്ടാ
ദുഷ്ടമാരെ നീക്കുമ്പോൾ
ഞങ്ങടെ മൃതർ ദയ കാണണമേ
നിൻ മാ-ഹാത്മ്യമുദിക്കുമ്പോൾ
വലഭാഗത്തായീടേണം
മൊറിയോറാഹേം മേലൈനു ആദാറൈൻ

**എത്രൊ**

പട്ടക്കാരൻ: കർത്താവേ! നിന്റെ പരിശുദ്ധശരീരം പൂശുവാനായിട്ടു സുഗന്ധപരിമളാദികളോടുകൂടെ വന്ന പരിപാകതയുള്ള സ്ത്രീകളെപ്പോലെ, സൽക്രിയകളാകുന്ന നല്ല വസ്ത്രങ്ങളോടും, കുറ്റമില്ലാത്ത നടപടികളാകുന്ന മഹിമയുള്ള അലങ്കാരങ്ങളോടും കൂടെ സ്തേത്രങ്ങളാൽ ഞങ്ങൾ തിരുമുമ്പാകെ വരുമാറാകണമേ. ആ സ്ത്രീകളെപ്പോലെ ഞങ്ങൾ നിന്നെക്കണ്ട് ആനന്ദിക്കുകയും, നിന്റ ദിവ്യതൃക്കാലുകൾ പിടിച്ചു വന്ദിക്കുകയും ചെയ്യുമാറാകണമേ. മാളികയിൽ വെച്ചു നിന്റ ശിഷ്യന്മാരെന്നപോലെ നിന്റെ സമാധാനത്താൽ ഞങ്ങൾ സന്തോഷിച്ച് ആനന്ദിക്കയും, അവരോടുകൂടെ ഞങ്ങൾ നിന്നെയും, നിന്റെ പിതാവിനേയും പരിശുദ്ധ റൂഹായേയും, സ്തുതിച്ചു വന്ദിക്കയും ചെയ്യുമാറാകണമേ. ഹോശോവബ്കൂൽസ് ബാൻല് ഒൽമ്മീൻ.

കോലോ
(ലോക് മൊറിയൊ)

ദൈവത്തിൻ പുത്രനെ മറിയാ-മുത്ഥാനത്തിൻ
ശേഷം തോട്ടക്കാരൻപോൽ കണ്ടാൾ തോട്ടത്തിൽ
നീയെന്തിനു കരയുന്നാരെയാരായുന്നു?
എന്നതിനെൻ നാഥനെയവർകൊ-ണ്ടെങ്ങോ പോയെന്നാൾ
താനവളെ-മറിയാമേ യെന്നാൻ
ഓടിപ്പോ-യുടനവളറിയിച്ചാൾ
കർത്താവുത്ഥാനം ചെയ്തെ-ന്നാ ശ്ളീ-ഹന്മാരെ
ബാറെക്മോർ
പട്ടക്കാരൻ: ശുബ്ഹോ....ഹാലേലുയ്യാ.
ഉത്ഥാനം ചെയ്തുടനേ തന്നെക്കുരിശിച്ച-
സെഹിയോനെ നശിപ്പിച്ചു, സഭാ-പാണിഗ്രഹണത്തെ
ഒത്തുയിരിൻ തൻ മേശയൊരുക്കും ചെയ്തതിനുൾ
തൻരക്തമതിൽ ചേർത്തോരാ പുത്രന്നായ് സ്തോത്രം
സ്തോത്രം സ്ളീ-ബായാൽ വീണ്ടവനായ്
സ്തോത്രം ചാ-വാലുയിർ ചേർത്തവനായ്;
സ്തോത്രം പുണ്യത്തിനു തനുരുധി-രങ്ങൾ തന്നവനായ്
മെൻഓലം........ഹാലേലുയ്യാ.
തൻ ശുദ്ധശരീരം ഭക്ഷിച്ചും തൻ രക്തം
പാനം ചെയ്തും; മൃതരായോർ തന്നാ-ത്മാക്കൾ മേൽ
അഴിയാലോകേ പാപത്തി-ന്നിരുൾ വാഴായ്വാൻ
പ്രാർത്ഥിച്ചീടുക നാം മ്ശീഹാ തന്നോ-ടവർ പേർക്കായ്

അവരാത്മാ-ക്കളെ വാങ്ങിയ നാഥാ!
അവർ നിന്നെക്കൊണ്ടാടിയതാലേ
നീയവരെ വിളിച്ചുനിറുത്തീടണമേ-വലഭാഗേ

ഏവൻഗേലിയോൻ
**പേസ്ഗോമോ**

ഹാലേലുയ്യാ വ് ഹാലേലുയ്യാ
നാഥനുണർന്നി-തുറക്കക്കാരനെയും തൻ-
വീഞ്ഞിൻ ലഹരി വെടിഞ്ഞൊരു പുരുഷനെയും പോൽ-
ഹാലേലുയ്യാ
(വായനയ്ക്കു ശേഷം)
**(പൊതുവായ ധൂപപ്രാർഥന)**
നിന്നാൾ സ്തുതിയൊടു രാജമകൾ ഹാലേലുയ്യാ വ് ഹാലേലുയ്യാ
നിൻവലഭാഗേ രാജഭാമിനിയും
പുണ്യവാൻ പനപോലെ തളിർത്തിടുമേ ഹാലേലുയ്യാ വ് ഹാലേലുയ്യാ
വളരുമവൻ ലബനോൻ കാരകിൽ പോൽ
മക്കളിലപ്പൻ കൃപ ചെയ്‌വതുപോലെ ഹാലേലുയ്യാ വ് ഹാലേലുയ്യാ
ഭക്തന്മാരിൽ ദൈവം കൃപചെയ്യും.
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
എക്ബോ
സ്തുതി ദൈവത്തിനുയരത്തിൽ,
തൻമാതാവിന്നുന്നതിയും
മഹിമാമുടി സഹദേന്മാർക്കും
മൃതരിൽ കരുണയുമുണ്ടാക. സ്തൗമെൻ.....കുറി....

**കോലോകൾ (ശ്ലോമേദാബോ)**
(ദൈവമാതാവ്)
താതൻ ശ്ളോമോ ഗബ്രിയേൽ
മൂലം മേലീന്നാധന്യ
മറിയാമിനു നൽകപ്പെട്ടു
തീപൂണ്ടോൻ വായിൽത്തിങ്ങും
ശ്ളോമോ ചൊന്നാൻ നാഥൻ നിൻ-
കൂടെത്തന്നുദയം നിന്നിൽ. ബാറെക്മോർ
പട്ടക്കാരൻ: ശുബ്ഹോ.......
**(പരിശുദ്ധന്മാർ)**

ശ്ളോമോ തൻ നിബിയന്മാർക്കും
ശ്ളോമോ തൻ ശ്ളിഹന്മാർക്കും
ശ്ളോമോ ശ്ളോമോ നാഥങ്കൽ
കൂറേറും സഹദേന്മാർക്കും
ശ്ളോമോ തൻ മക്കൾ വസിക്കും
പരിശുദ്ധ സഭയ്ക്കും ശ്ളോമോ. മെൻഓലം
(പരേതൻ)
നാം ദൈവസുതന്മാരാവാ-
നായ്ഷ്ക്കാലത്തിൽ ചൊല്ലി-
തന്നത്താതരെയോർക്കേണം
*നയവാന്മാർ പുണ്യപ്പെട്ടോ-
രൊന്നിച്ചേകുമവർക്കാശ്വാ
സംസ്വർഗേ പുത്രൻ ദൈവം. മൊറിയോ..............

**അല്ലെങ്കിൽ**
**കോലോ-(ഹബ്ലേല്ഈൗത്തോ)**
**(ഉയിരേകുന്നോൻ രാജാ........രീതി)**

ധന്യവതികന്യ-ദൈവത്തിനു മാതാവായി
ക്ഷോണിയിൽ ശാപം നിർമൂലനം ചെയ്‌വാൻ
സംപ്രീതിശാന്തി-സഭയിലുമെല്ലാജനതയിലു
മുളവാകാൻ നീ-സുതനോടർഥിക്ക. ബാറെക്മോർ
ശുബ്ഹോ........

പാവനനിബി ശ്ളീഹാ-രാജസുതന്മാരെ-പ്രാർ
ത്ഥിച്ചീടുക ശാന്തി-സൃഷ്ടിയിലുണ്ടാവാൻ
ശണ്ഠകളൊതുങ്ങട്ടെ-യുദ്ധങ്ങൾ മാഞ്ഞീടട്ടെ
സഭയും സുതരും-സ്തോത്രം പാടട്ടെ
മെൻഓലം..........

ജീവപ്രദരാജാ-വൂയരെനിന്നുദയം മഹിതാൻ
ചെയ്തുയിരേകും-കബറിതരേയേറ്റും
മൃതരെല്ലാമൊന്നായ്-കബറുകളിൽനിന്നേറി
കൊണ്ടുയിരേകുന്നൊ-നായ് സ്തുതിയേറ്റീടും
മൊറിയോ.......

മോർ യാക്കോബിന്റെ ബോവൂസൊ

ഉത്ഥാനത്താൽ തൻസഭയെ വീണ്ടോനാം പുത്രാ!
നിൻശൈനോ നല്കിത്തൻ പ്രജയെ കാക്കേണം നീ
ചാവേകീഴാക്കി ബലവാൻ സ്കീപ്പായിലുറങ്ങി
മൂന്നാം നാളിലുണർന്നെഴുന്നേറ്റാൻ ബലവാനായി
ക്ഷീണം മാറി മൂന്നു ദിനം മേവിക്കുരിശിന്മേൽ
ക്ഷീണിച്ചോനടികൊണ്ടു നശിക്കാതിങ്ങെഴുന്നേറ്റു
ദാവീദാംതാ-തൻ തൻവരവി-ങ്ങനെകണ്ടപ്പോൾ
ഓടിച്ചെന്നാ-വീണയുമായി-കമ്പിമുറു-ക്കി
ചൊന്നാൻ മത്തു-കുറഞ്ഞമനുജ-നൊപ്പം നാഥൻ
മിത്രങ്ങൾക്കാ-നന്ദവുമരികൾ-ക്കാർത്തിയുമേകി
വിൺമൺ ലോകർക്കൈക്യം നല്കീടുംശൈനോ നി-
ന്നുത്ഥാനത്താൽ നിൻസഭയിൽശൈനോനല്കേണം.

(കാദീശാത്ത് ആലോഹൊ)

*ശുദ്ധൻ നീ ആലാഹോ! ഹാലേലുയ്യാ
ശുദ്ധൻ നീ ബലവാനേ! കുറിയേലായിസോൻ
ശുദ്ധൻ നീ മൃതിഹീനാ! ക്രൂശേറ്റം വീണ്ടവനേ.

കർത്താവേ! ചെയ്കാരുണ്യം ഹാലേലുയ്യാ
കർത്താവേ ചെയ്കൃപയാലേ! കുറിയേലായിസോൻ
കർത്താവേ! പ്രാർത്ഥന പരികർമ്മങ്ങൾ-
കൈക്കൊണ്ടും ചെയ്-കാരുണ്യം

സ്തുത്യൻ നീ ആലാഹോ! ഹാലേലുയ്യാ
സ്തുത്യൻ നീ സ്രഷ്ടാവേ! കുറിയേലായിസോൻ
സ്തുത്യൻ നീ പാപികളിൽ-കൃപ ചെയ്യും
മ്ശീഹാ-രാജാവേ! ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!
കൃപ നിറഞ്ഞ മറിയമേ........

## ക്യംതാ മൂന്നാംമണി നമസ്കാരം

**(ഒരു കൗമാ)**

പ്രുമിയോൻ

തന്റെ ഉയിർത്തെഴുന്നേല്പു മൂലം ശത്രുക്കളെ ഓടിക്കയും ജീവിച്ചെഴുന്നേല്പുമൂലം കുരിശിൽ തറച്ചവരെ ലജ്ജിപ്പിക്കുകയും, സമാധാനത്താൽ ശിഷ്യന്മാരെ ആനന്ദിപ്പിക്കയും, മുഖദർശനത്താൽ ശ്ളീഹന്മാരെ സ്ഥിരപ്പെടുത്തുകയും ഭൂതലത്തിൽ സ്വന്ത ഉപദേശത്തെ വിതയ്ക്കുകയും ചെയ്ത പരാക്രമിയായ നിനക്കു സ്തുതി. മൂന്നാംമണി പ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും നാഴികകളിലും കാലങ്ങളിലും ഞങ്ങൾ ജീവനോടുകൂടിയിരിക്കുന്ന ദിവസങ്ങളിലൊക്കെയും സ്തുതിയും ബഹുമാനവും ആരാധനയും നിനക്കു യോഗ്യമാകുന്നു. ബ്കുൽഹൂൻയൗമോസോദ്ഹായെൻല്ഒൽമീൻ

ജനം: ആമ്മീൻ

സെദ്റൊ

പട്ടക്കാരൻ: തന്റെ കൃപയാൽ ഞങ്ങളെ ദൈവികരാക്കിത്തീർപ്പാനായിട്ടു മനുഷ്യസ്നേഹം മൂലം മനുഷ്യനായിത്തീർന്ന മഹത്ത്വമുള്ള വചനമായ ദൈവവും, തിരുവിഷ്ടത്താൽ താഴ്ചയ്ക്കായി ഇറങ്ങിവന്നപ്പോൾ സ്രഷ്ടാവായിരിക്കുന്ന സ്ഥിതിയിൽ നിന്നു സ്വശക്തി കുറയുകയോ, ഞങ്ങൾക്കുവേണ്ടി മനുഷ്യനായിത്തീർന്നപ്പോൾ അത്യുന്നതമായ തന്റെ ദൈവത്വം വ്യത്യാസപ്പെടുകയോ, ഞങ്ങൾക്കുവേണ്ടി ഞങ്ങളുടെ സാദൃശ്യം ധരിച്ചപ്പോൾ സ്വന്തപൂർണ്ണതയുടെ അധികാരത്തെ നശിപ്പിക്കുകയോ, വ്യാപാരപ്രകാരം ലോകത്തന്റെ ഉള്ളിൽ മരിച്ചവനെപ്പോലെ കാണപ്പെട്ടപ്പോൾ ആദിയും അന്തവുമില്ലാത്ത സ്വയസാരാംശത്തിൽ നിന്നു ഭേദപ്പെടുകയോ ചെയ്യാതിരുന്ന സ്രഷ്ടാവും തന്റെ മരണത്തിൽ സിംഹം പോലെ മടിഞ്ഞുകിടന്ന് അടിമപ്പെട്ടിരുന്ന അടിമകളെ പ്രകാശത്തിലേക്കു പുറപ്പെടുവിച്ച യോദ്ധാവും, കഷ്ടാനുഭവത്താൽ ദുഷ്ടനെ വീഴിക്കയും മരണത്താൽ മരണത്തെ കൊല്ലുകയും കബറടക്കത്താൽ മരിച്ചുപോയവർ തന്നെ ഗ്രഹിക്കുകയും, ജീവിച്ചെഴുന്നേല്പാൽ ജീവനുള്ളവർക്കു വെളിപ്പെടുകയും ചെയ്ത കഷ്ടതയില്ലാത്തവനും ആയിരിക്കുന്ന ദൈവമായ കർത്താവേ! ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നിന്റെ ജീവിച്ചെഴുന്നേല്പു പ്രവർത്തിച്ചിട്ടുള്ള അത്ഭുത കാര്യങ്ങളിൽ സൂക്ഷിച്ചു നോക്കുവാൻ ഞങ്ങളുടെ മനോനയനങ്ങളെ പ്രകാശിപ്പിക്കണമേ. ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ സഹായങ്ങൾക്കു പകരമായി എല്ലാ നേരവും സ്തോത്രം ചെയ്യുന്ന നല്ല നിരൂപണവും ഞങ്ങളോടുള്ള നിന്റെ സ്നേഹത്തിനു വേണ്ടി എല്ലായ്പ്പോഴും ബലികളും വെടിപ്പുമുള്ള സ്തോത്രവും അണയ്ക്കുന്ന വിചാരവും, നിന്റെ കരുണയുടെ വലിയ ബഹുത്വം മൂലം ഞങ്ങൾക്കു സമ്പാദിച്ചു തരണമേ. നിന്നെക്കുറിച്ചുള്ള അറിവിന്റെ പ്രകാശത്തിൽ കതിരുകളെ നിന്നിൽ നിന്നു ഞങ്ങൾ കൈക്കൊള്ളുവാനായിട്ടു ഞങ്ങൾ എല്ലാ നേരവും സ്തോത്രത്തോടെ മഹത്ത്വമുള്ള നിന്റെ വാതിലുകളിൽ കൂടി നിന്റെ വിശുദ്ധ പ്രകാരങ്ങളിലേക്കു പ്രവേശിക്കുകയും നിന്റെ കൃപയുടെ മഹായോഗ്യതയുള്ള മഹത്ത്വത്തിന്റെ ഭാഗ്യത്തിൽ ആനന്ദിക്കയും ചെയ്യുമാറാകണമേ. എന്തുകൊണ്ടെന്നാൽ നീ നല്ലവനും മനുഷ്യസ്നേഹമുള്ളവനും ആകുന്നു. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും,നിന്റെ പരിശുദ്ധ റൂഹായ്ക്കും, എന്നേയ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ........ മെൻആലോഹോൻകാബേൽ......

**ജനം: ആമ്മീൻ**

**കോലോ**

(മൊറിയോ മോറാൻ)

ഉടയോൻ നാഥാ!
നീയുത്ഥാനം ചെയ്തപ്പോൾ
തോട്ടക്കാരൻ
പോൽ മറിയാം കണ്ടു
മകനേ നീയോ
പൊയ്ക്കൊണ്ടെങ്കിൽ ചൊല്ലെവിടെ
അവനേ ഞാൻ പോ-
കട്ടെ കൊണ്ടെന്നാൾ
നാഥൻ ചൊന്നാൻ:
ഞാൻ തന്നെ, ജീവിച്ചോൻ ഞാൻ;
നീ ചെന്നെന്റെ
ശിഷ്യന്മാരോടു ചൊൽ. ബാറെക്മോർ
പട്ടക്കാരൻ: ശുബ്ഹോ......

ഒന്നാം നാളാം-
ഈ ഞായർ നാൾ ദൈവം ത-
ന്നഗ്രേജാതൻ
താൻജീവിച്ചീട്ടീ-
ലോകർക്കെല്ലാ-
മഗ്രജനാദത്തേ ജീവി
പ്പിച്ചേറ്റി താ-
തങ്കൽ തൻകൂടെ,
ഹേ ആദാമിൻ
സുതരേ! നിങ്ങളെ വീണ്ടോനാം-
ആദായമുടയോ-
നായ് സ്തോത്രം ചെയ്വിൻ
മൊറിയോ റാഹേലമ്മേലൈനൂ ആദാറൈൻ

മോർ അപ്രേമിന്റെ ബോവൂസൊ

ഞങ്ങൾ തൻ കർത്താവേ! നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ.
സ്വാതന്ത്ര്യം ഞങ്ങൾക്കുത്ഥാ-
നത്താൽ തന്നോനാം പുത്രാ!
ഈ ഞായർ നാൾ നാമാശാ-
ധൈര്യങ്ങൾ പൂണ്ടോരായി
ഉയിരോനുത്ഥാനം ചെയ്തു
കുരിശിച്ചോർ ലജ്ജിച്ചല്ലോ.
വൻദിനമാം ഞായർ നാളിൽ
കബറീന്നുത്ഥാനം ചെയ്തു
ഉയരേപ്പോയ്തൻ താതന്റെ
വലഭാഗത്തായല്ലോ താൻ
അടിയാരേ യുത്ഥാനത്താൽ
രക്ഷിച്ചോനാം മ്ശീഹാ നീ
നൽകീടേണം പുണ്യം ഞ-
ങ്ങൾക്കും വാങ്ങിപ്പോയോർക്കും
ഞങ്ങൾ തൻ കർത്താവേ! നീ
കാരുണ്യം ചെയ്ഞങ്ങൾമേൽ
സ്വാതന്ത്ര്യം ഞങ്ങൾക്കുത്ഥാ-
നത്താൽ തന്നോനാം പുത്രാ.

(ഒരു കൗമാ)

## ആറാംമണി നമസ്കാരം

**(ഒരു കൗമാ)**

കോലേ **(തൂറൊദ് സീനായ്)**

സീനായ്ഗിരി നിൻ
സവിധേ വിറപൂണ്ടു.
നാഥാ! ദേവേശാ!
ഗിരിവാരിധിധരനാം നിന്നെ
കന്യകയാം മറിയാമേന്തി;
വേഴ്ചപെടാതവൾ ഗർഭിണിയായ്
വചനാതീതം പ്രസവിച്ചു;
തൽസ്മൃതിയേ വിശ്രുതമാക്കേണമെ,
ബാറെക്മോർ. ശുബ്ഹോ.....

അല്ലെങ്കിൽ

ഉടയോൻ നാഥാ
ഗിരിസീനായ് നിൻ സ-
ന്നിധിയിങ്കൽ തുള്ളി
മലയും കടലും പേറും നി-
ന്നെക്കന്യക ഗർഭേ പേറി
അവൾ ഗർഭിണിയായാശ്ചര്യ
ത്താൽത്തന്നെപ്പെറ്റാൾ നിന്നെ
വലുതാക്കീടണമവൾ തന്നോർമ്മ. ബാറെക്മോർ
പട്ടക്കാരൻ: ശൂബ്ഹോ....

പരിശുദ്ധന്മാർ
ജീവനും രാജ്യ-
ത്തിനുമവകാശക്കാർ
മ്ശിഹായെ സ്നേഹിച്ചോരേ-
തിനു യോഗ്യന്മാരാ ഭാഗ്യം
കാതുകളാൽ കേട്ടിട്ടില്ലേ
കണ്ണുകളാൽ കണ്ടിട്ടില്ലേ
ഇല്ലേ ചിത്തേ കല്പിച്ചിട്ടും
മെൻഓലം....

മാമോദീസാ-
മൂലം മ്ശീഹാതൻ
റൂശ്മാകുത്തപ്പെ
ട്ടും, തൻ ഗാത്രം ഭക്ഷിച്ചും,
തൻരക്തം പാനം ചെയ്‌വോർ
താൻ മൂലം ജീവൻ പൂണ്ടി-
പ്പൂഴിയതിൽ നിന്നിങ്ങേറി-
ട്ടണിയും നൽ മഹിമാവിന്നങ്കി
മെറിയൊഹേമ്മേലൈനു ആദാറൈൻ.

മോർ ബാലായിയുടെ ബോവൂസൊ

മാതാ കാദീശന്മാർ തൻ പ്രാർത്ഥനയാൽ
അരുളടിയാർക്കും മൃതരായോർക്കും പുണ്യം
വാഴ്‌വായിത്തീരണമേ മറിയാമിന്നോർമ
അവൾ പ്രാർഥനയാത്മാക്കൾക്കായും കോട്ട
നിബിയന്മാർ ശ്ളീഹന്മാർ സഹദേന്മാരേ!
ഞങ്ങൾക്കായ് കൃപ യാചിപ്പീനെല്ലാരും
നിൻ ശരണത്താൽ മൃതരാം ഭ്രാതൃപിതൃക്കൾ
മേലാനന്ദപ്പനിനീർ നീ വീഴ്ത്തേണം
മാതൃസ്മരണയുണർത്തി സിദ്ധരെയേറ്റി
മൃതരെ വാഴ്ത്തീടുന്നവനായി സ്തോത്രം
മാതാ കാദീശന്മാർ തൻ പ്രാർത്ഥനയാൽ
അരുളടിയാർക്കും മൃതരായോർക്കും പുണ്യം

പഴയനിയമ വായനകൾ

വായനക്കാരൻ: നീതിമാന്മാരുടെ കൂടാരത്തിൽ മഹത്ത്വത്തിന്റെയും രക്ഷയുടെയും ശബ്ദം എന്ന് ദാവീദു മുഖാന്തരം പരിശുദ്ധറൂഹാ പാടി

അല്ലെങ്കിൽ ഗീതം

നീതി പ്രിയരുടെ നിലയത്തിൽ
സംസ്തുതിയുടെ രക്ഷാഗാനം
ദാവീദുരാജൻ തൻ നാവാൽ
പരിശുദ്ധൻ - റൂഹാ പാടി

---------------------------